# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാമ്പാക്കുട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി9-1728/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/12/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാക്കുട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി9-1728/22 തീയ്യതി: 03/12/2022

## എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-09-2022 | 22-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-09-2022 | 22-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എൻ.വിജയകുമാർ (ഓഡിറ്റ് ഓഫീസർ.ഹ.ഗ്രേഡ്)
ശ്രീ ജോസഫ് ജോർജ്(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ അനീഷ്.ആർ(സീ.ഗ്രേഡ് ഓഡിറ്റർ)
ശ്രീ അനീഷ് ടി.എസ്(ഓഡിറ്റർ)
ശ്രീമതി സ്വപ്ന.വി(ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ തോമസ് തടത്തിൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ അന്ത്രു എം എം | സെക്രട്ടറി | 01-04-2021 | 06-07-2021 |
| ശ്രീമതി ഉദയ കെ | സെക്രട്ടറി | 07-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജെമിനി ഇ സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ രതീഷ് രവീന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 23-08-2021 |
| ശ്രീമതി എമി പൗലോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 24-08-2021 | 31-03-2022 |
| ശ്രീ സുനിൽ പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ഷാജി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ. റുവാൻ സാം വി | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ആഷാമോൾ | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | 01-04-2021 | 31-03-2022 |
| ഡോ രമ്യ പി രവീന്ദ്രൻ | വെറ്ററിനറി സർജൻ | 01-04-2021 | 12-12-2021 |
| ഡോ വന്ദന വിജയചന്ദ്രൻ | വെറ്ററിനറി സർജൻ | 13-12-2021 | 31-03-2022 |
| ശ്രീമതി നിഷ എം കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി മാഗി എൽ | ഹെഡ് മാസ്റ്റർ, ജി യു പി എസ് ഓണക്കൂർ | 01-04-2021 | 31-03-2022 |
| ശ്രീ മോഹൻദാസ് കെ സി | വി ഇ ഒ അഞ്ചൽപ്പെട്ടി | 01-04-2021 | 31-03-2022 |
| ശ്രീ പ്രിയരഞ്ജൻ ആർ | വി ഇ ഒ പാമ്പാക്കട | 01-04-2021 | 10-09-2021 |
| ശ്രീ മോഹൻദാസ് കെ സി | വി ഇ ഒ പാമ്പാക്കട,ഇൻ ചാർജ് | 11-09-2021 | 31-03-2022 |
| ശ്രീമതി ബിന്ദുമോൾ റ്റി | വി ഇ ഒ ഓണക്കൂർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഗ്രാമസഭ | 1-11 |
| 13 | ഓഡിറ്റ് ഇംപാക്ട് | 1-12 |
| 14 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാക്കിയില്ല | 1-13 |
| 15 | വീട്ടുകരം ഒഴിവാക്കിയതിന് വിമുക്ത ഭടന്മാരുടെ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നതു സംബന്ധിച്ച് | 1-14 |
| 16 | വസ്തുനികുതി കുടിശ്ശിക | 1-15 |
| 17 | സോളിഡ് വേസ്റ്റ് മാനേജ്മെന്റ് - ഗ്രാന്റ് തുക വിനിയോഗിച്ചില്ല | 1-16 |
| 18 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 1-17 |
| 19 | അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി - ബാധകമല്ലാത്ത ജി.എസ്.ടി. നൽകി | 1-18 |
| 20 | അമൃതം ന്യൂട്രിമിക്സിന് അധിക തുക നൽകി | 1-18-1 |
| 21 | വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ - ക്രമവിരുദ്ധമായി തുക നൽകി | 1-19 |
| 22 | പൊതുടാപ്പുകളുടെ വെള്ളക്കരം- കുടിശ്ശിക തീർപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. | 1-20 |
| 23 | വാറ്റ് കളക്ഷൻ തുക സർക്കാരിലേക്ക് അടവാക്കിയില്ല | 1-21 |
| 24 | സ്രോതസ്സിൽ നിന്നും ജി.എസ്.ടി. കുറവു ചെയ്തിട്ടില്ല | 1-22 |
| 25 | പഞ്ചായത്ത് ഓഫീസിൽ സോളാർ പ്ലാന്റ് - പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം | 1-23 |
| 26 | എസ്.എസ്.എ. വിഹിതം - ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല | 1-24 |
| 27 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾ -ചെലവുരേഖകൾ | 1-25 |

| | | |
|---|---|---|
| | പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല | |
| 28 | സാമൂഹ്യസുരക്ഷാ പെൻഷൻ -അപാകതകൾ | 1-26 |
| 29 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല | 1-27 |
| 30 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കരാറുകാരന് അധിക തുക നൽകി | 1-28 |
| 31 | തൊഴിലുറപ്പ് പദ്ധതി - ടെണ്ടർ ചെയ്യാത്ത ഇനങ്ങൾ കരാറുകാരിൽ നിന്ന് വാങ്ങി. | 1-29 |
| 32 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു. | 1-30 |
| 33 | ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റൽ - ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-31 |
| 34 | ഇ-ടെണ്ടർ ഫീസ് - ബാങ്ക് അക്കൗണ്ടിൽ നിന്നും മിനിമം ബാലൻസ് ചാർജ്ജ് ഈടാക്കുന്നു | 1-32 |
| 35 | പ്രവൃത്തിമൂല്യത്തിലധികം തുക പിൻവലിച്ചു. | 1-33 |
| 36 | മരാമത്ത് പ്രവൃത്തികൾ - പൊതുന്യൂനതകൾ. | 1-34 |
| 37 | സോളാർ പവർ പ്ലാന്റ് - അപാകതകൾ | 1-35 |
| 38 | പദ്ധതികളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | 1-36 |
| 39 | വീട് വാസയോഗ്യമാക്കൽ-മൂല്യനിർണ്ണയപ്രകാരമുള്ളതിലും അധിക സഹായം നൽകി | 1-37 |
| 40 | എസ്.സി. പഠനമുറി - അഡ്വാൻസ് കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-38 |
| 41 | വീട് വാസയോഗ്യമാക്കൽ - അഡ്വാൻസ് കൈപ്പറ്റിയിട്ടും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയില്ല. | 1-39 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ - ക്രമവിരുദ്ധമായി തുക നൽകി | 3-1 |
| 2 | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി - അമൃതം ന്യൂട്രിമിക്സിന് അധിക തുക നൽകി | 3-2 |
| 3 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കരാറുകാരന് അധിക തുക നൽകി | 3-3 |
| 4 | വീട് വാസയോഗ്യമാക്കൽ-അഡ്വാൻസ് കൈപ്പറ്റിയിട്ടും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയില്ല. | 3-4 |
| 5 | വീട് വാസയോഗ്യമാക്കൽ-മൂല്യനിർണ്ണയപ്രകാരമുള്ളതിലും അധിക സഹായം നൽകി | 3-5 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20.02.2021ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 24.02.2022ലെ 3 ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ളതും വാർഷിക ധനകാര്യ പത്രികയിലെയും വരവ്-ചെലവ് കണക്കുകളുടെ താരതമ്യ പഠനം ചുവടെ ചേർക്കുന്നു :-

| | വരവ് | ചെലവ് |
|---|---|---|
| പുതുക്കിയ ബജറ്റ് പ്രകാരം | 167557426 | 163010481 |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 66813326 | 51613851 |
| വ്യത്യാസം | 100744100 | 111396630 |

ബജറ്റ് കാര്യക്ഷമമായി യാഥാർത്ഥ്യത്തോട് യോജിക്കുന്ന രീതിയിൽ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 05.07.2022 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകതകൾ ഉണ്ട്.

1) Excess Of Income Over Expenditure ((310900101) എന്ന ശീർഷകത്തിലേക്ക് 31.03.2021ലെ നീക്കിയിരിപ്പ് 8971718/- ചേർക്കുന്നതിന് പകരം 10434284/- ആണ് ചേർത്തിരിക്കുന്നത്. ആയതിനാൽ, പഞ്ചായത്ത് (ജനറൽ) ഫണ്ടിൽ 1462566/- രൂപയുടെ വ്യത്യാസം ഉണ്ട്.

2) തൻവർഷം കേരള വാട്ടർ അതോറിറ്റിക്ക് 103/2022 നം. പ്രോജക്ട് പ്രകാരം നിക്ഷേപപ്രവൃത്തിക്കായി 151901/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. ടി നിക്ഷേപ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. എന്നാൽ, Advance To Implementing Agencies Deposit With Kerala Water Authority (460500201) എന്ന ഹെഡിൽ അഡ്വാൻസായി രേഖപ്പെടുത്തുന്നതിന് പകരം ബന്ധപ്പെട്ട ആസ്തി ഹെഡ്ഡിൽ ചെലവായി രേഖപ്പെടുത്തുകയാണ് ചെയ്തത്. കൂടാതെ തൻവർഷം അനെർട്ടിനും 114/2022 നം. പ്രോജക്ട് പ്രകാരം നിക്ഷേപ പ്രവൃത്തിക്കായി 499999/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. ടി നിക്ഷേപ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. എന്നാൽ ഈ പ്രവൃത്തിയുടെ ചെലവും, Advance To Implementing Agencies Deposit With Anert (460500206) എന്ന ഹെഡിൽ അഡ്വാൻസായി രേഖപ്പെടുത്തുന്നതിന് പകരം ബന്ധപ്പെട്ട ആസ്തി ഹെഡ്ഡിൽ ചെലവായി രേഖപ്പെടുത്തുകയാണ് ചെയ്തത്.

3) Advance To Implementing Agencies Deposit With Kerala Water Authority (460500201) എന്ന ഹെഡിൽ മുൻവർഷത്തെ നീക്കിയിരിപ്പ് 971352/- രൂപ ആയിരുന്നു. തൻവർഷം ടി തുകകൾക്ക് 70000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ, 891901/- രൂപയാണ് 31.03.2022ലെ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത്. വിനിയോഗസാക്ഷ്യപത്രം ലഭിക്കാതെ 9451/- രൂപ അധികമായി ആസ്തി ഹെഡ്ഡിലേക്ക് മാറ്റിയിട്ടുണ്ട്.

4) കേരള വാട്ടർ അതോറിറ്റിയിൽ 2017-18 വർഷം നടത്തിയ 1000000/- രൂപയുടെ നിക്ഷേപ പ്രവൃത്തിയുടെ ചെലവാകാത്ത തുക 158099/- രൂപ 450028/14.02.2022 ചെക്ക് നം. പ്രകാരം തിരിച്ച് നൽകിയിട്ടുണ്ട്. ആയത് രസീത് ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ ഹാരാക്കിയിട്ടില്ല.

5) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ വാല്യുവേഷൻ നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11716660 |
| വരവ് | 55096666 |

| | |
|---|---|
| ആകെ | 66813326 |
| ചെലവ് | 51613851 |
| നീക്കിയിരിപ്പ് | 15199475 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | 67447 |
| തടസ്സപ്പെടുത്തിയ തുക | 1962201 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 9172520 | 9172520 | 8981733 | 190787 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4167805 | 4167805 | 3982333 | 185472 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 1982702 | 1982702 | 1194224 | 788478 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 1654839 | 1654839 | 1483394 | 171445 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 0 | 6183000 | 6183000 | 6091438 | 91562 |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | 0 | 4870979 | 4870979 | 2920605 | 1950374 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം) | 1570538 | 434832 | 2005370 | 1358296 | 647074 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വ മിഷൻ | 1166485 | - | 1166485 | 1161655 | 4830 |
| എസ് എസ് എ | 82488 | 10097 | 92585 | 82488 | 10097 |
| ലൈഫ് സംസ്ഥാന വിഹിതം | 100000 | 800000 | 900000 | 880660 | 19340 |

എ സി ആർ പ്രകാരം സംരക്ഷണ ഗ്രാന്റ് റോഡിന്റെ വരവ് 21916000/-ആണ്.എന്നാൽ 26/02/22 ലെ സഉ.(സധാ)1345/2022/ധന ഉത്തരവ് പ്രകാരം 15733000/-രൂപ അനുവദിച്ച് അലോട്ട്മെന്റിൽ നിന്നും തിരികെ മുതൽ കൂട്ടുകയുംചെയ്തതിനാൽ യഥാർത്ഥ അലോട്ട്മെന്റ് 6183000/-ആണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ചത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 163 | 63851003 | 157 | 36977446 | 127 | 30 | 6 | 77.91 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2400 | 808992 | 811392 | 811391 | 1 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33714160 | 33714160 | 33714160 | 0 |
| ആകെ | 2400 | 34523152 | 34525552 | 34525551 | 1 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2612600 | 162 |
| വിധവാപെൻഷൻ | 9989600 | 625 |
| വാർദ്ധക്യകാലപെൻഷൻ | 28213700 | 1878 |
| വികലാംഗപെൻഷൻ | 3547600 | 224 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 0 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 704300 | 43 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.09.2022ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10727/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. വെള്ളക്കരമിനത്തിൽ ഭീമമായ തുക കുടിശ്ശികയായി നിൽക്കുന്നു. ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു.

4. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

5. മരാമത്ത് പ്രവൃത്തികളുടെ യഥാസമയമുള്ള പൂർത്തീകരണം ഉറപ്പാക്കുന്നില്ല.

6. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.12.2019 | 01.11.2019 മുതൽ 30.11.2019 വരെ | ലഭ്യമാക്കിയില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിററ് | 11.06.2009 | 2004-05 മുതൽ 2008-09 വരെ | 20.07.2009 |

## 1-11 ഗ്രാമസഭ

2021-22 സാമ്പത്തിക വർഷത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിയമപ്രകാരമുള്ള കാലയളവിൽ ഗ്രാമസഭകൾ കൂടുന്നതിന് സാധിച്ചിട്ടില്ല. വാർഷിക പദ്ധതി രൂപീകരണം, ഗുണഭോക്തൃ ലിസ്റ്റ് സാധൂകരണം, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് ഒരു ഗ്രാമസഭ വീതമാണ് ചേർന്നിട്ടുള്ളത്.

## 1-12 ഓഡിറ്റ് ഇംപാക്ട്

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതികൾ, തൊഴിലുറപ്പ് പ്രവൃത്തികൾ എന്നിവയിലുണ്ടായിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം 17621/- രൂപ തിരികെ ഒടുക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

*1. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.*

യഥാസമയം മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലാത്തതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.31/21-22) നൽകിയതിന്റെ അടിസ്ഥാനത്തിൽ പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 10128/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. (രസീത് നം. 1220101635, 36, 38/ 20.9.2022)

*2. യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.*

ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലാത്തതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.32/21-22) നൽകിയതിന്റെ അടിസ്ഥാനത്തിൽ പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 1773/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. (രസീത് നം. 1220101637/20.9.22)

3. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽസ് വിതരണം ചെയ്ത കരാറുകാരനിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട ജി.എസ്.ടി - ടി.ഡി.എസ് ( 2% നിരക്കിൽ) 5720/- രൂപ ഈടാക്കിയിട്ടില്ലാത്തതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.31/21-22) നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക5720/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. (രസീത് നം. 1220101611, 12/ 19.9.2022) പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 മുതൽ 205 വരെയുള്ള വകുപ്പുകൾ പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 17/2021-22 തിയതി 17/09/2022 ന് മറുപടി ലഭ്യമാക്കിയ മറുപടിയിൽ. തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | ഡി-സൈൻ ഡെൻഡൽ സ്റ്റുഡിയോ | 6/406എഫ് | 04 | 1st&2nd അർദ്ധവർഷം |
| 2 | കോസ്മോ പോളിമേഴ്സ് | 9/208 | 03 | 1st&2nd അർദ്ധവർഷം |
| 3 | മാരിയൻ ബയോ അസോസിയേറ്റ്സ് | 6/345 | 05 | 1st&2nd അർദ്ധവർഷം |
| 4 | ലാ ഫെമിന ബ്രാസിയേഴ്സ് | 13/207 | 05 | 1st&2nd അർദ്ധവർഷം |
| 5 | ഫാമിലി മെഗാമാർട്ട് | 11/191എഫ് | 02 | 1st&2nd അർദ്ധവർഷം |
| 6 | പുന്നച്ചുവട്ടിൽ മെഡിക്കൽസ് | 13/304 | 02 | 1st&2nd അർദ്ധവർഷം |

## 1-14 വീട്ടുകരം ഒഴിവാക്കിയതിന് വിമുക്ത ഭടന്മാരുടെ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നതു സംബന്ധിച്ച്

26.05.2017 ലെ 106/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം വിമുക്തഭടൻമാർക്ക് നികുതി ഒഴിവ് ലഭിക്കുന്നതിനായി ഓരോ വർഷവും മാർച്ച് 31നു മുമ്പ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതും. അപേക്ഷകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വച്ച് അംഗീകാരം നേടിയെടുക്കേണ്ടതുമാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ വിമുക്ത ഭടന്മാരുടെ വാസഗൃഹങ്ങൾക്ക് വീട്ടുകരം ഒഴിവാക്കി നൽകിയത് കമ്മറ്റി തീരുമാനം എടുക്കാതെ സാക്ഷ്യപത്രത്തിന്റെ മാത്രം അടിസ്ഥാനത്തിലാണ്. വിമുക്തഭടൻമാർക്ക് നികുതി ഒഴിവ് അനുവദിക്കുമ്പോൾ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കമ്മറ്റി തീരുമാനം കൂടി എടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-15 വസ്തുനികുതി കുടിശ്ശിക

സഞ്ചയ പ്രകാരം ശ്രീ അബ്രാഹാം, പടിഞ്ഞാറെ പുത്തൻപുരയ്ക്കൽ എന്ന വ്യക്തിയുടെ 12/440 നം കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക 2013 ആദ്യ പകുതി മുതൽ നിലനിൽക്കുന്നതായി കാണുന്നു (കുടിശ്ശിക തുക 129250 രൂപ.) വസ്തു നികുതി കുടിശ്ശിക വരാനുള്ള കാരണവും, വസ്തു നികുതി കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന വിവരവും അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 21/2021-22 തീയതി 17.09.22 നുള്ള സെക്രട്ടറിയുടെ മറുപടിയിൽ ബഹു ഹൈക്കോടതിയിൽ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് WP(C) NO. 24603/12 കേസ് നിലനിന്നിരുന്നതിനാലാണ് നികുതി കുടിശ്ശിക വന്നതെന്നും കേസ് പ്രയോജനപ്രദമല്ല എന്നകാരണത്താൽ നടപടികൾ അവസാനിപ്പിച്ചു എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ വസ്തു നികുതി കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-16 സോളിഡ് വേസ്റ്റ് മാനേജ്മെന്റ് - ഗ്രാന്റ് തുക വിനിയോഗിച്ചില്ല

2021-22 വാർഷികധനകാര്യ പത്രികയിലെ B4 ഷെഡ്യൂൾ പ്രകാരം Gants For Solid Waste Management (320200304)എന്ന ഹെഡ്ഡിൽ 246088/- രൂപ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതിയിൽ നീക്കിയിരിപ്പായി ചേർത്തിട്ടുണ്ട്. 2020-21, 2021-22 വർഷങ്ങളിൽ ടി തുക ചെലവഴിച്ചിട്ടില്ല. ഗ്രാന്റ് ലഭിച്ചതിന്റെ വിശദാംശങ്ങളും, തുക വിനിയോഗിക്കാത്തതിന്റെ കാരണവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/20.09.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ, ഗ്രാന്റ് ലഭിച്ചതിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രോജക്ട് തയ്യാറാക്കി ഗ്രാന്റ് തുക വിനിയോഗിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ, ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക ഉദ്ദേശ്യങ്ങൾക്ക് ലഭിക്കുന്ന ഗ്രാന്റുകൾ സമയബന്ധിതമായി ചെലവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

### 1-17 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

പഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 24മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം, വാർറൂം, ഹെൽപ്പ് ഡെസ്ക്ക് എന്നിവ രൂപീകരിച്ചിരുന്നു. ആയതിന്റെ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നോ, വികസന ഫണ്ടിൽ നിന്നോ തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. കിലയുടെ നേതൃത്വത്തിൽ യൂത്ത് വോളന്റിയർമാർക്ക് ഓൺലൈൻ പരിശീലനം നൽകിയിരുന്നു. ജാഗ്രതപോർട്ടലിൽ രജിസ്റ്റർ ചെയ്തിരുന്നവരെ വോളന്റിയർമാരായി നിയോഗിച്ചിരുന്നു. കൂടാതെ സന്നദ്ധപ്രവർത്തനത്തിന് തയ്യാറായവരെയും വോളന്റിയർമാരായി നിയോഗിച്ചിരുന്നു. അഞ്ചൽപ്പെട്ടി ബ്ലോക്ക് ക്യാന്റീനിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചിരുന്നു. നിലവിൽ കുടുംബശ്രീ വഴിയുള്ള ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നുണ്ട്. പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയ്ക്ക് മാത്രമായി ഹെൽപ്പ് ഡസ്ക് രൂപീകരിച്ചിട്ടില്ല. കോവിഡ് ബാധിതരുടെയും ക്വാറന്റൈനിൽ കഴിയുന്നവരുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനും കോവിഡ് ബാധിതരെ ഹോസ്പിറ്റൽ /സി.എഫ്.എൽ.റ്റി.സി. എന്നിവിടങ്ങളിലേക്ക് മാറ്റുന്നതിനും ക്വാറന്റൈനിൽ കഴിയുന്നവർക്ക് അവശ്യവസ്തുക്കളും മരുന്നുകളും എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നതിനുമായി പഞ്ചായത്ത് ഓഫീസിൽ ഹെൽപ്പ് ഡസ്ക് രൂപീകരിച്ചു. പഞ്ചായത്ത് ജീവനക്കാരെയാണ് ഹെൽപ്പ് ഡസ്കിലേക്ക് ചുമതലപ്പെടുത്തിയത്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി വാർഡ് തലത്തിൽ വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ആരോഗ്യപ്രവർത്തകർ, ആശാ വർക്കർ, അങ്കണവാടി ടീച്ചർ, സന്നദ്ധപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വാർഡ് തല മോണിറ്ററിങ്ങ് സമിതിയും പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ വാർഡ് മെമ്പർമാർ, ഹെൽത്ത് ഇൻസ്പെക്ടർ, യൂത്ത് വോളന്റിയർമാർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്ത് തല മോണിറ്ററിങ്ങ് കമ്മിറ്റിയും രൂപീകരിച്ചിരുന്നു. സമന്വയ ഇക്യുമെനിക്കൽ സ്റ്റഡി ആന്റ് ഡയലോഗ് സെന്ററിൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ പ്രവർത്തിപ്പിച്ചിരുന്നു. ആയതിലേക്കാവശ്യമായ മെഡിക്കൽ ഉപകരണങ്ങളും രോഗികൾക്ക് ആവശ്യമായ മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഒരുക്കിക്കൊടുത്തിട്ടുണ്ട്.
പൾസ് ഓക്സീമീറ്ററുകൾ വാങ്ങിയിട്ടില്ല. സംഭാവനയായി 20 പൾസ് ഓക്സീമീറ്ററുകൾ ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ സി.എഫ്.എൽ.റ്റി.സി. സംഭാവന സാധനങ്ങളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്റർ പഞ്ചായത്ത്തലത്തിൽ സൂക്ഷിച്ചിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും കോവിഡ് സംഭാവന ഇനത്തിൽ ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനായി പാമ്പാക്കുട കേരള ബാങ്കിൽ 40183/1 നമ്പറായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. 15,800/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. തുക ചെലവഴിച്ചിട്ടില്ല. 2021-22 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തനതു ഫണ്ടിൽ നിന്നുള്ളചെലവ് 322872 ഉം പ്ലാൻ ഫണ്ടിൽ നിന്നുള്ളചെലവ് 126769 ഉം ആണ്.

പാമ്പാക്കുട ഗ്രാമപഞ്ചായത്തിൽ നാളിതുവരെ 4187 കോവിഡ് പോസിറ്റീവ് രോഗികൾ ഉണ്ടായിട്ടുള്ളതും അതിൽ 23 പേർ കോവിഡ് രോഗം മൂലം മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

### 1-18 അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി - ബാധകമല്ലാത്ത ജി.എസ്.ടി.

നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി |
| പ്രോജക്ട് നമ്പർ | S0023/2022 |
| അടങ്കൽ | 1900000/-<br>(വികസനഫണ്ട് പൊതുവിഭാഗം - 4000000/-,<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 1500000/- |
| ചെലവ് | 1653009/- |
| ബിൽ നം./തീയതി | 01/10.04.2021 - 282920/-<br>06/29.05.2021 - 273387/-<br>08/24.06.2021 - 189660/-<br>11/01.07.2021 - 376810/-<br>57/03.08.2021 - 262470/-<br>69/16.09.2021 - 191563/-<br>115/06.12.2021 - 4154/-<br>227/01.03.2022 -59228/-<br>366/24.03.2022 - 12817/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

2021-22 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കും, ഗർഭിണികൾക്കും അങ്കണവാടികൾ വഴി 341249/- രൂപയുടെ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുകയും, 1294789/- രൂപയുടെ ആഹാരസാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ അങ്കണവാടികളിലെ പാചകവാതകത്തിന്റെ ചെലവായി 12817/- രൂപയും, ആഹാരസാധനങ്ങളുടെ വാഹനച്ചെലവായി 4154/- രൂപയും നൽകിയിട്ടുണ്ട്. രാമമംഗലം അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയത്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമനം-66,ക്ലോസ്(b)(ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അങ്കണവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ പാമ്പാക്കുട ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന് ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് നൽകിയതെന്ന് കാണുന്നു (73.5/KG). ജി.ഒ.നം(സാധാ)1450/2018തസ്വഭവ,തീ-25.05.2018 പ്രകാരം ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് 73.50/ KG. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം, തീയതി | ന്യൂട്രിമിക്സിന്റെ അളവ് (കി ഗ്രാം) | ന്യൂട്രിമിക്സിന്റെ വില (73.50 രൂപ/ കി ഗ്രാം) | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് കി. ഗ്രാമിന് 1 രൂപ നിരക്കിൽ | ആകെ |
|---|---|---|---|---|---|
| 1 | 04/12.04.2021 | 804 | 59094 | 804 | 59898 |
| 2 | 16/27.05.2021 | 747 | 54904 | 747 | 55651 |
| 3 | 35/28.06.2021 | 732 | 53802 | 732 | 54534 |
| 4 | 48/02.08.2021 | 741 | 54464 | 741 | 55205 |
| 5 | 74/15.09.2021 | 726 | 53361 | 726 | 56733 (2646/- രൂപ അധികം നൽകി) |
| 6 | 134/28.02.2022 | 795 | 58433 | 795 | 59228 |
| | ആകെ | 4545 | 334058 | 4545 | 341249 |

അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 15908/- (4545x3.5) രൂപ അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

മേൽ പ്രകാരം അധികച്ചെലവ് വരുത്തിയിത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 39/20.09.2022) രാമമംഗലം അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് സർക്കാരിലേക്ക് ി എസ് ടി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് ജി എസ് ടി തിരിച്ച് കിട്ടുന്ന സാഹചര്യത്തിൽ ടി തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18-1 അമൃതം ന്യൂട്രിമിക്സിന് അധിക തുക നൽകി

അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കും, ഗർഭിണികൾക്കും അങ്കണവാടികൾ വഴി 341249/- രൂപയുടെ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തിട്ടുണ്ട്. രാമമംഗലം അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയത്. ഇപ്രകാരം അമൃതം ന്യൂട്രിമിക്സ് വാങ്ങിയപ്പോൾ ഇൻവോയ്സ് നം. 74/15.09.2021 പ്രകാരം 2646/- രൂപ അധികം നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ഖണ്ഡിക 3-2ൽ ചേർത്തിട്ടുണ്ട്.

## 1-19 വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ - ക്രമവിരുദ്ധമായി തുക നൽകി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പന്ത്രണ്ടിന പരിപാടികളുടെ ഭാഗമായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ വിശപ്പ് രഹിത കേരളം-ജനകീയ ഹോട്ടൽ പദ്ധതിയിൽ പാമ്പാക്കുട സിഡിഎസ് ജനകീയ ഹോട്ടലിന് വേണ്ടി എംഎസ് ട്രേഡേഴ്സ് കാഞ്ഞിരമറ്റം എന്ന സ്ഥാപനത്തിൽ നിന്നും 30000/- രൂപയുടെ (ഇൻവോയ്സ് നം. 237/27.03.2022) പാചക ഉപകരണങ്ങൾ (പൊറോത്ത സ്റ്റൌ -1, 3 ബർണർ സ്റ്റൌ -1, 2 ബർണർ സ്റ്റൌ -1 ) വാങ്ങിയിട്ടുണ്ട്. ജനകീയ ഹോട്ടലിന് വേണ്ടി പാചക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും പാമ്പാക്കുട സിഡിഎസ് ജനകീയ ഹോട്ടൽ രജിസ്ട്രേഷൻ നടത്തിയതല്ലാതെ നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. ആയതിനാൽ, വാങ്ങിയ പാചക ഉപകരണങ്ങൾ വിതരണം ചെയ്യപ്പെടാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. സർക്കാർ നിർദേശ പ്രകാരം ജനകീയ ഹോട്ടലിന് വേണ്ട പാചക പാത്രങ്ങൾ, ഭക്ഷണ വിതരണ പാത്രങ്ങൾ, ഗ്ലാസുകൾ, ഉപകരണങ്ങൾ എന്നിവ കുടുംബശ്രീ ലഭ്യമാക്കേണ്ടതാണ്. എന്നാൽ, മേൽ പ്രോജക്ടിൽ സർക്കാർ നിർദേശത്തിന് വിരുദ്ധമായി പാചക ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പ്ലാൻഫണ്ടിൽ നിന്നും വാങ്ങി നൽകുകയാണ് ചെയ്തത്. വിശദ വിവരങ്ങൾ ഖണ്ഡിക 3-1ൽ ചേർത്തിട്ടുണ്ട്.

## 1-20 പൊതുടാപ്പുകളുടെ വെള്ളക്കരം- കുടിശ്ശിക തീർപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

പ്രോജക്ട് നം-107/22
എൻക്വയറി – 3 Dtd 15/09/2022

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2021-22 വാർഷിക പദ്ധതിയിൽ നിന്നും 2,81,164/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റി 2022 മാർച്ച് മാസത്തിൽ നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കരമിനത്തിൽ 5,13,28,112/- രൂപയാണ് ഗ്രാമപഞ്ചായത്തിന് കുടിശ്ശികയുള്ളത്. ഈ കുടിശ്ശികയുടെ പിഴപ്പലിശയായി കണക്കാക്കിയ 10,06,840/- രൂപ ഉൾപ്പെടെ ആകെ 5,24,05,243/- രൂപയുടെ ബാധ്യത വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് തീർപ്പാക്കാനുണ്ട് . 2022 മാർച്ച് മാസത്തിലെ കണക്ക് പ്രകാരം 153 കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരമായി 70,291/- രൂപ ഗ്രാമപഞ്ചായത്ത് പ്രതിമാസം ഒടുക്കുന്നുണ്ട്. പൊതുടാപ്പുകൾ കഴിയുന്നതും നിരുത്സാഹപ്പെടുത്തേണ്ടതാണെന്നും ഗാർഹിക കണക്ഷൻ വ്യാപകമാക്കുന്നതിന് പദ്ധതികൾ ഏറ്റെടുക്കേണ്ടതാണെന്നും 14.02.2018-ലെ സ.ഉ.(കൈ)നമ്പർ 22/2018/ത.സ്വ.ഭ.വ നമ്പർ ആയിട്ടുള്ള സബ്സിഡി മാർഗ നിർദ്ദേശ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അതുപ്രകാരം നിലവിൽ വെള്ളക്കരം നൽകുന്ന ടാപ്പുകൾ എല്ലാം തന്നെ പ്രവർത്തനക്ഷമമാണോയെന്നും ഇവ അനിവാര്യമാണോ എന്നും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി അത്യാവശ്യമല്ലാത്ത കണക്ഷനുകൾ റദ്ദുചെയ്യേണ്ടതുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ റിപ്പോർട്ട് ഹാജരാക്കണമെന്ന് അവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ റദ്ദ് ചെയ്യേണ്ട പൊതുടാപ്പുകൾ കണ്ടെത്തിയതായും ഇതിനായി പദ്ധതി തയ്യാറാക്കിയതായും അറിയിച്ചിട്ടുണ്ട്.

റദ്ദ് ചെയ്യുന്ന പൊതുടാപ്പുകൾ വെള്ളക്കരം ഡിമാന്റിൽ നിന്നും യഥാസമയം ഒഴിവാക്കുന്നുണ്ട് എന്നുറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അതുപോലെ കേരള വാട്ടർ അതോറിറ്റി നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കരമിനത്തിൽ ഗ്രാമപഞ്ചായത്തിന് കുടിശ്ശികയുള്ളതായി കണക്കാക്കിയ തുകയുടെ നിജസ്ഥിതി പരിശോധിക്കുകയും ഗ്രാമപഞ്ചായത്ത് ഇതുവരെ വെള്ളക്കരമായി നേരിട്ട് ഒടുക്കിയ തുകയും ഈയിനത്തിൽ വിവിധ ഗ്രാന്റുകളിൽ നിന്നും സർക്കാർ ഇതുവരെ നേരിട്ട് ഈടാക്കിയ തുകയും സംബന്ധിച്ച വിശദമായ കണക്കുകൾ തയ്യാറാക്കി വാട്ടർ അതോറിറ്റിയെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. വാട്ടർ അതോറിറ്റി വെള്ളക്കര കുടിശ്ശിക തീർപ്പാക്കുന്നതിന് കുടിശ്ശിക അദാലത്ത്, ഒറ്റത്തവണ തീർപ്പാക്കൽ പോലുള്ള പദ്ധതികളിൽ അപേക്ഷ നൽകി പിഴപ്പലിശയിലും മറ്റും ഇളവുകൾ നേടുന്നതിനും കുടിശ്ശിക ഘട്ടം ഘട്ടമായെങ്കിലും തീർപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 വാറ്റ് കളക്ഷൻ തുക സർക്കാരിലേക്ക് അടവാക്കിയില്ല

പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രികയിലെ B9 ഷെഡ്യൂൾ പ്രകാരം വാല്യൂ ആഡഡ് ടാക്സ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് മുൻവർഷങ്ങളിൽ പിരിച്ചെടുത്ത് സർക്കാരിലേക്ക് അടവാക്കാനായി 9313/- രൂപ അവശേഷിക്കുന്നുണ്ട്. വാറ്റ് ഇനത്തിൽ പിരിച്ചെടുത്ത തുകകൾ സർക്കാർ ട്രഷറിയിൽ അടവാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 34/20.09.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പിരിച്ചെടുത്ത വാറ്റ് തുക സർക്കാർ ട്രഷറിയിൽ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ, സർക്കാരിനും, മറ്റ് സർക്കാർ അനുബന്ധ സ്ഥാപനങ്ങൾക്കും വേണ്ടി പിരിച്ചെടുക്കുന്ന എല്ലാ തുകകളും സമയബന്ധിതമായി അടവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-22 സ്രോതസ്സിൽ നിന്നും ജി.എസ്.ടി. കുറവു ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ ആയുർവേദം നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര്/നം | ആയുർവേദ സബ്സെന്ററിന് ഫർണ്ണിച്ചർ വാങ്ങൽ / 200/21-22 |
| അടങ്കൽ തുക | 328349/-(മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവ് തുക /ബിൽ നം/തീയതി | 315589/- (405/30.03.2022) |

സി.ജി.എസ്.ടി ആക്ട്/ എസ്.ജി.എസ്.ടി ആക്ടിലെ സെക്ഷൻ 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടേയോ സേവനങ്ങളുടേയോ രണ്ടിന്റേയുമോ കരാറുകളിലെ കരാറുകാറുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും ആകെ 2 % തുക കുറവ് ചെയ്യേണ്ടതാണ് (ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നുമാണ് കുറവു ചെയ്യേണ്ടത്).

എന്നാൽ മേൽ പദ്ധതി പ്രകാരം മീനച്ചിൽ റബ്ബർവുഡ് ലിമിറ്റഡിൽ നിന്നും ഫർണ്ണിച്ചർ വാങ്ങിയ ബിൽ (ബിൽ നം.C120, തീയതി 30.3.2022)തുകയായ 267448/- രൂപയിൽ നിന്നും നിയമപ്രകാരമുള്ള 2 % ജി.എസ്.ടി കുറവു ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2/15.9.2022) ലഭ്യമായ മറുപടിയിൽ നിലവിൽ മെഡിക്കൽ ഓഫീസർക്ക് ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ല എന്നും പദ്ധതി സാമ്പത്തികവർഷാവസാനം പരിമിതമായ സമയത്തിനുള്ളിൽ നടപ്പാക്കിയതിനാൽ ജി.എസ്.ടി കുറവു ചെയ്തില്ല എന്നും അറിയിച്ചിട്ടുണ്ട്. സർക്കുലർ നം.ഡി.എ 1/87/2019 തസ്വഭവ തീയതി 8.9.2020 പ്രകാരം എല്ലാ ഡി.ഡി.ഒ മാരും ജി.എസ്.ടി ടി.ഡി.എസ് എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പുകളിലെ ഉദ്യോഗസ്ഥർ സാധനങ്ങൾ വാങ്ങുമ്പോൾ അവരുടെ പേരിലുള്ള രജിസ്ട്രേഷൻ ഉപയോഗിക്കേണ്ടതാണ്. ആയതിനാൽ ടി.ഡി.എസ് തുകയായ 5439/-(267448 ന്റെ 2%) രൂപ ജി.എസ്.ടി വകുപ്പിലേക്ക് അടച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-23 പഞ്ചായത്ത് ഓഫീസിൽ സോളാർ പ്ലാന്റ് - പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം

പ്രോജക്ട് നം. – 114/2022

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 5,75,000/-

ചെലവ് - 4,99,999/-

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ 10 കിലോ വാട്ട് സോളാർ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം 6,14,770/- രൂപ ചെലവഴിച്ചിട്ടുണ്ട്. ധനകാര്യകമ്മീഷൻ ഗ്രാന്റ് – 4,50,000/- രൂപ , തനത്ഫണ്ട് – 49,999/- രൂപ, മുൻ വർഷം പഞ്ചായത്ത് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിന് മുകളിൽ സോളാർ പ്ലാന്റ് സ്ഥാപിച്ച പദ്ധതിയിൽ മിച്ചം വന്ന തുക 1,14,771/- രൂപ എന്നിവയിൽ നിന്നാണ് പദ്ധതി വിഹിതം കണ്ടെത്തിയത്.

<u>പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു :-</u>

01. പദ്ധതി നടപ്പിലാക്കുന്നതിന് അനെർട്ടുമായി കരാറിൽ ഏർപ്പെട്ടത് 17/01/2022 ലാണ്. 16/02/2022 ൽ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും മുൻകൂറായി അനെർട്ടിന് നൽകിയിട്ടുണ്ട് . കരാർ വ്യവസ്ഥ (4) പ്രകാരം തുക നൽകി 6 മാസത്തിനകം അനെർട്ട് നിർവ്വഹണം പൂർത്തീകരിച്ച് നൽകേണ്ടതാണ്. എന്നാൽ സോളാർ പ്ലാന്റ് നാളിതു വരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

02. സോളാർ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിക്കായി അനർട്ട് തയ്യാറാക്കി നൽകിയ പ്രോജക്ട് റിപ്പോർട്ടിൽ സോളാർ പവർ പ്ലാന്റിന് 5 വർഷ വാറന്റിയും, സോളാർ പാനലുകൾക്ക് 25 വർഷ പെർഫോമൻസ്

വാറന്റിയും ഉറപ്പുനൽകിയിരുന്നു. എന്നാൽ അനെർട്ടുമായി 17/01/2022 ൽ ഏർപ്പെട്ട കരാറിലോ സോളാർ പ്ലാന്റ് നൽകിയ ബില്ലിലോ പവർ പ്ലാന്റിന്റെയോ സോളാർ പാനലുകൾക്കുള്ള വാറന്റി സംബന്ധിച്ച വ്യവസ്ഥ രേഖപ്പെടുത്തിയിട്ടില്ല.

03. അനെർട്ടുമായി ഏർപ്പെട്ട കരാറിലെ 8ാം വ്യവസ്ഥയിൽ സോളാർ പാനലിൽ പൊടി അടിഞ്ഞുകൂടുന്നത് പ്ലാന്റിന്റെ പ്രവർത്തനത്തെയും ഉത്പാദനക്ഷമതയേയും ബാധിക്കുമെന്നതിനാൽ ഉപഭോക്താവ് പാനലുകളുടെ സമീപം വാട്ടർടാപ്പ് സ്ഥാപിക്കണമെന്നും കൃത്യമായ ഇടവേളകളിൽ പാനലുകൾ വൃത്തിയാക്കുന്നതിനായി നടപടി സ്വീകരിക്കണമെന്നും ഇതിനായി കോണി സ്ഥാപിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഈ കാര്യങ്ങൾ നിലവിലും നടപ്പാക്കിയിട്ടില്ല. പ്ലാന്റ് സ്ഥാപിച്ച ടെറസ്സിലേക്ക് വളരെ ദുർഘടമായ , ഇടുങ്ങിയ പാസ്സേജ് മാത്രമാണ് നിലവിലുള്ളത്. ഇതിലൂടെ ടെറസ്സിൽ പ്രവേശിച്ച് പ്ലാന്റ് ക്ലീൻ ചെയ്യൽ നിലവിൽ സാധ്യമല്ല.

04. കരാറിലെ 6ാം വ്യവസ്ഥയിൽ സോളാർ പവർ പ്ലാന്റിന്റെ സ്ഥാപനം, കമ്മീഷനിംഗ്, പരിപാലനം എന്നിവക്കായി അനെർട്ട്. പഞ്ചായത്ത്, പവർ പ്ലാന്റ് സ്ഥാപിക്കുന്ന ഏജൻസി എന്നിവർ ചേർന്ന ത്രികക്ഷി കരാർ ചമക്കണമെന്ന് നിർദ്ദേശിച്ചിരുന്നു., ഇത്തരം ഒരു കരാർ ചമച്ചതായി വിവരം ലഭ്യമല്ല.

5. ഫയലിൽ ലഭ്യമാക്കിയ ബിൽ പ്രകാരം 2022 മെയ് മാസത്തിൽ പാനലുകൾ സ്ഥാപിക്കുകയും 2022 ജൂലൈ 22 കെ.എസ്.ഇ.ബി ഇൻസ്പെക്ഷൻ നടത്തി ഗ്രിഡ് ഫീസിബിലിറ്റി റിപ്പോർട്ട് നൽകുകയും ചെയ്തിട്ടും പദ്ധതി ഇതുവരെ കമ്മീഷൻ ചെയ്യാത്തത് എന്തുകൊണ്ടാണ് എന്ന കാര്യം വ്യക്തമാക്കിയിട്ടില്ല.

6. പദ്ധതിച്ചെലവ് മുഴുവൻ മുൻകൂർ നൽകിയ ശേഷവും ഓരോ ദിവസവും 35 മുതൽ 40 യൂണിറ്റ് വൈദ്യുതി ഉത്പാദനം സാധ്യമാകുകയും നിലവിലെ വൈദ്യുതി ചാർജ്ജിനത്തിലെ വലിയ ചെലവും പൂർണ്ണമായും ഒഴിവാക്കാനും സഹായിക്കുന്ന പദ്ധതി നടപ്പാക്കാൻ വരുത്തുന്ന കാലതാമസം പരിഹരിക്കുവാൻ ക്രിയാത്മകമായ തുടർനടപടികൾ സ്വീകരിക്കുന്നില്ല.
ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 6,14,770/- രൂപ ചെലവഴിച്ച പദ്ധതി എത്രയും വേഗം കമ്മീഷനിംഗ് നടത്തി പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-24 എസ്.എസ്.എ. വിഹിതം - ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല

1.എസ്.എസ്.എ വിഹിതം

പ്രോജക്ട് നം- 78/2022

ബിൽ നം- 21120352099000310519 Rs.300000/- തി 13/08/2021

2.എസ്.എസ്.എ വിഹിതം - എസ്.സി വിഭാഗം

പ്രോജക്ട് നം. - 79/2022

ബിൽ നം. - 21120352099000310525 Rs. 1,50,000/- തീ 13/08/2021
എൻക്വയറി നം. - 5 തീയതി 15/09/2022

2021-22 സാമ്പത്തിക വർഷം ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ എസ്.എസ്.എ വിഹിതം (ജനറൽ), എസ്.എസ്.എ വിഹിതം (എസ്.സി.) എന്ന രണ്ട് പദ്ധതികൾ വഴി ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ എസ്.എസ്.എ. പദ്ധതി പ്രകാരമുള്ള വിവിധ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് വിഹിതമായി നിശ്ചയിച്ച 4,50,000/- രൂപ നൽകിയിട്ടുണ്ട്. എസ്.എസ്.എ. ബ്ലോക്ക് റിസോഴ്സ് സെന്റർ പ്രോഗ്രാം ഓഫീസർമാർ നൽകുന്ന പ്ലാൻ എസ്റ്റിമേറ്റ് പ്രകാരം സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ എസ്.എസ്.എ. പദ്ധതി പ്രകാരം നടപ്പാക്കുന്ന വിവിധ പദ്ധതികളും ഇവക്ക് കണക്കാക്കുന്ന തുകയും അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് വികസന ഫണ്ടിൽ നിന്നും തുക നൽകേണ്ടത്. എന്നാൽ ഇങ്ങനെ 2021-22 സാമ്പത്തിക വർഷം എസ്.എസ്.എ, ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളും ഇവക്ക് കണക്കാക്കുന്ന തുകയും സംബന്ധിച്ച കണക്കുകൾ നൽകിയതായ രേഖകളൊന്നുമില്ലാതെയാണ് തുക കൈമാറിയിട്ടുള്ളത്. പഞ്ചായത്തിൽ നിന്നും നൽകിയ എസ്.എസ്.എ വിഹിതം പൂർണ്ണമായും വിനിയോഗിച്ചതായി 19/08/2022 എ3/207/2022/Ekm/SSK നമ്പർ കത്ത് പ്രകാരം എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കോവിഡ് മഹാമാരിയെ തുടർന്നുള്ള ലോക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും മൂലം 2021-22 അക്കാദമിക് വർഷം 2021 നവംബർ മാസം മുതൽ മാത്രമാണ് സ്കൂളുകൾ തുറന്നത്. ഈ സാഹചര്യത്തിൽ എസ്.എസ്.എ. ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളോ ഇവക്കായി ചെലവഴിച്ച തുകയോ സംബന്ധിച്ച യാതൊരു രേഖകളും കണക്കുകളും നൽകാതെ പഞ്ചായത്ത് നൽകിയ തുക പൂർണ്ണമായി ചെലവഴിച്ചതായി സാക്ഷ്യപത്രം ഹാജരാക്കിയതും എസ്.എസ്.എ വിഹിതം പോലുള്ള ഒരു പദ്ധതി ജനറൽ, പട്ടികജാതി വിഭാഗം എന്നിങ്ങനെ തരം തിരിച്ച് ഈ രണ്ട് വിഭാഗത്തിൽ നിന്നും ഫണ്ട് ചെലവഴിച്ചത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ഗ്രാമപഞ്ചായത്തിൽ എസ്.എസ്.എ. നടപ്പിലാക്കിയ പദ്ധതികളുടെയോ ഇവക്ക് ചെലവഴിച്ച തുകയുടെയോ കണക്കുകൾ നൽകാത്ത സാഹചര്യത്തിൽ പഞ്ചായത്തിൽ നിന്നും നൽകിയ എസ്.എസ്.എ വിഹിതം 4,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾ -ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ വൌച്ചറുകൾ പരിശോധിച്ചതിൽ നിന്നും വൌച്ചർ നം.22100501 തീയതി 28.02.2022 പ്രകാരം പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി 10,000/- രൂപ തനതുഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർ സി.എച്ച്.സി. പാമ്പാക്കുടക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/19.9.2022) മറുപടി ലഭ്യമായിട്ടില്ല. ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ 10,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 സാമൂഹ്യസുരക്ഷാ പെൻഷൻ -അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2021-22 ലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണം ചെയ്ത കാലയളവ് | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | മറിയാമ്മ വർക്കി (രാമമംഗലം ഗ്രാമപഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26.1.21 | 2022 ആഗസ്റ്റ് വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 2 | പൈലി പൌലോസ് | കർഷക ത്തൊഴിലാളി പെൻഷൻ | 29.8.20 | 2021 ജൂൺ വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 3 | ഏലിയാമ്മ മണി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26.1.21 | 2021 ജൂൺ വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 4 | ജാനകി അയ്യപ്പൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 22.1.2021 | 2021 ജൂൺ വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 5 | എൻ.സി കുര്യാക്കോസ് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 16.2.2021 | 2021 മെയ് വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു 2021 ജൂണിൽ തുക അക്കൌണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചില്ല | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 6 | മാധവൻ കുഞ്ഞൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 20.1.2021 | 2021 ജൂൺ വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 7 | ഗൌരി രാമൻ | കർഷക ത്തൊഴിലാളി പെൻഷൻ | 2.2.2021 | 2021 ജൂൺ വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 8 | മറിയം | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11.3.2021 | 2021 ജൂൺ വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 9 | മത്തായി ചാക്കോ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 22.3.2021 | 2021 ജൂൺ വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 10 | നാരായണി അയ്യപ്പൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 9.9.2020 | 2021 ജൂൺ വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 11 | ലീല ബാലകൃഷ്ണൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11.4.2021 | 2021 ജൂൺ വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 12 | സോന സോമൻ | ഇന്ദിരാഗാന്ധി ദേശീയ ഡിസ്സബിലിറ്റി പെൻഷൻ | 21.2.2021 | 2022 ഏപ്രിൽ വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 13 | ഔസേപ്പ് ഡാനിയേൽ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 30.3.2021 | 2021 ജൂൺ വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 14 | തങ്കമ്മ കെ.ജി (രാമമംഗലം പഞ്ചായത്ത്) | കർഷക ത്തൊഴിലാളി പെൻഷൻ | 16.12.2020 | 2021 ജൂൺ വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 15 | കെ.സി രാജൻ (വെള്ളൂർ ഗ്രാമ പഞ്ചായത്ത്, കോട്ടയം) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24.5.2021 | 2022 ഏപ്രിൽ വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. 2022 മെയ് മുതൽ ആഗസ്റ്റ് വരെ തുക നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 16 | ഗോവിന്ദൻ .എം.കെ (ഐക്കരനാട് ഗ്രാമ പഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 6.5.2021 | 2022 ആഗസ്റ്റ് വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 17 | അന്നക്കുട്ടി വർഗ്ഗീസ് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 17.6.2021 | 2021 ആഗസ്റ്റ് വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 18 | തങ്കമ്മ ബാലകൃഷ്ണൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24.6.2021 | 2021 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ തുക കൈമാറാൻ സാധിച്ചിട്ടില്ല | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |

മേൽ പെൻഷൻ ഗുണഭോക്താക്കളുടെ മരണശേഷം അധികമായി കൈപ്പറ്റിയ/ കൈമാറുവാൻ സാധിക്കാത്ത തുക തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടക്കാത്തതിനും പെൻഷണറുടെ മരണശേഷം ആക്ടീവ് ആയി തുടരുന്ന അക്കൌണ്ടുകൾ സസ്പെൻഡ് ചെയ്ത് തുകതിരികെ ഈടാക്കാത്തതിനും വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37/20.9.2022 ) മറുപടി ലഭ്യമായിട്ടില്ല .

ഓരോ മരണ രജിസ്ട്രേഷന്റെ അപേക്ഷകളും അംഗീകരിക്കുന്നതിന് ശേഷം മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിക്കേണ്ടതും പെൻഷണർ ആണെങ്കിൽ ഉടനെ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം.എസ്)നം 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും, ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ

നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും ഗ്രാമസഭാ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

ഗ്രാമപഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ സെക്ഷൻ സാമൂഹ്യസുരക്ഷാപെൻഷൻ സെക്ഷനിലേക്ക് റിപ്പോർട്ട് നൽകി തുടർ നടപടികൾ സ്വീകരിച്ച് പരാമർശത്തിലെ ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയിട്ടുള്ള തുകകൾ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടവാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ പരാമർശത്തിൽ ഉൾപ്പെടാത്ത അനർഹമായി പെൻഷൻ തുകകൾ കൈപ്പറ്റിയിട്ടുള്ള ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ഗുണഭോക്താക്കളുടേയും അക്കൌണ്ട് സസ്പെന്റ് ചെയ്യുന്നതിനും തുകകൾ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടക്കുന്നതിനുമുള്ള നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2 /53/2017 /ധന. തീയതി 22.1.2018 പ്രകാരം മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2 /53/2017 /ധന. തീയതി 22.1.2018 പ്രകാരം മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട് / പുനർവിവാഹം ചെയ്ത വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

ക്രമ നം1, 14, 15, 16 ഉൾപ്പെടെ മറ്റ് പ്രാദേശിക സർക്കാരിന്റെ പരിധിയിൽ വരുന്ന പെൻഷണറുടെ മരണം ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകി തുടർ നടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-27 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് മൂന്ന് സാമ്പത്തിക വർഷങ്ങൾക്ക ശേഷവും തിരികെ നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതും ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങളിൽ ടി കാലപരിധിയ്ക്ക് ശേഷമുള്ള തുകകളും ക്രമീകരിക്കപ്പെടാതെ നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | ഇന വിവരം | 31.3.2022 ലെ നീക്കിയിരുപ്പ് | നീക്കിയിരുപ്പ് തുകയുടെ കാലയളവ് |
|---|---|---|---|
| 1 | സപ്ലൈയേഴ്സ് ഇഎം.ഡി | 198576 | 2015-16 മുതൽ |
| 2 | കോൺട്രാക് ടേഴ്സ് ഇഎം.ഡി | 346548 | 2010-11 മുതൽ |
| 3 | ബിഡ്ഡേഴ്സ് ഇ.എം.ഡി | 59500 | 2013-14 മുതൽ |
| 4 | കോൺട്രാക് ടേഴ്സ് എസ്.ഡി | 116535 | 2010-11മുതൽ |
| 5 | ബിഡേഴ്സ് എസ്.ഡി | 15000 | 2014-15 മുതൽ |
| 6 | സപ്ലൈയേഴ്സ് എസ്.ഡി | 98931 | 2013-14മുതൽ |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/17.9.22) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ പരാമർശത്തിൻമേലുള്ള തുടർ നപടികൾ എത്രയും വേഗം സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ടി നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

## 1-28 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കരാറുകാരന് അധിക തുക നൽകി

ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് (റോഡ് കോൺക്രീറ്റിംഗ്) ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കരാർ പ്രകാരം സാധനങ്ങൾ സപ്ളൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ സാധന വിലയോടൊപ്പം എസ്റ്റിമേറ്റിൽ അനാമത്ത് ചെലവുകൾക്കായി വകയിരുത്തിയ തുകയും അനുവദിച്ചത് മൂലം 6793/- രൂപയുടെ അധിക

ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം ഭാഗം 3-3 ആയി ചേർത്തിട്ടുണ്ട്.

1-29 തൊഴിലുറപ്പ് പദ്ധതി - ടെണ്ടർ ചെയ്യാത്ത ഇനങ്ങൾ കരാറുകാരിൽ നിന്ന് വാങ്ങി.

ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ വർക്കുകളിൽ സാധനങ്ങൾ വിതരണം ചെയ്ത കരാറുകാർക്ക് ടെണ്ടറിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഇനങ്ങൾക്കും തുക നൽകിയിട്ടുള്ളതായി കാണുന്നു.

വിശദ വിവരം താഴെ ചേർക്കുന്നു.

മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിന് 2019-20 ൽ ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ടെണ്ടർ നം | 26/19-20/29.2.20 |
|---|---|
| ടെണ്ടർ ചെയ്ത ഇനങ്ങൾ | 1.40 Mm മെറ്റൽ<br>2.20 Mm മെറ്റൽ<br>3.10 സ്റ്റോൺ അഗ്രിഗേറ്റ്<br>4.കോഴ്സ് സാൻഡ്<br>5.സിമന്റ് |

മിക്സർ മെഷീൻ, വൈബ്രേറ്റർ എന്നിവ ടെണ്ടർ ചെയ്ത ഇനങ്ങളിൽ ഉൾപ്പെട്ടിരുന്നില്ലയെങ്കിലും പ്രസ്തുത ഇനങ്ങളും കരാറുകാരിൽ നിന്ന് വാടകക്കെടുക്കുകയും കരാറുകാർക്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്. (കുംഭപ്പിള്ളി കണ്ണങ്കരത്താഴം റോഡ് പ്രവൃത്തിയിൽ ടി ഇനത്തിൽ 15618/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.)

മിക്സർ മെഷീൻ, വൈബ്രേറ്റർ എന്നിവ ടെണ്ടർ ഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ കരാറുകാരന് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/17.9.22) ലഭ്യമാക്കിയ മറുപടിയിൽ ടി ഇനങ്ങൾ കൂടി ടെണ്ടറിൽ ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-30 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27/19.9.22)അസി. എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ സാംഖ്യ വെബിൽ ബിറ്റുമിൻ ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടുമായി മാപ്പ് ചെയ്തിട്ടുള്ളതിനാലാണ് ഇത്തരത്തിൽ ക്രെഡിറ്റ് ആയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-31 ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റൽ - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെടെ മുഴുവൻ വിഭാഗം ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം താല്ക്കാലികമായി മാറ്റി വെച്ചു കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020, GO (P) No.43/2020/Fin. Dated 17.04.2020, 17.07.2020-ലെ GO(P) No. 94/2020/Fin,GO(P) No. 104/2021/ Fin. Dated 26/07/2021 എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓഫീസ് അറ്റൻഡന്റ്,ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവർക്ക് മാത്രമാണ് ആർജിതാവധി പണമാക്കി മാറ്റുന്നതിന് അവകാശം ഉണ്ടായിരുന്നത്.

മേൽ പറഞ്ഞ ഉത്തരവുകളിലൂടെ മാറ്റി വെയ്ക്കപ്പെട്ട ആർജിതാവധി സറണ്ടർ ആനുകൂല്യം, സറണ്ടർ തുക പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവംബർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു.

ആർജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റുന്നതിനുള്ള അവകാശം മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, സർക്കാർ ഉത്തരവിനു വിരുദ്ധമായി പഞ്ചായത്തിലെ താഴെ പറയുന്ന

ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയ തുക | വൌച്ചർ നം/ തീയതി |
|---|---|---|---|---|
| 1 | ശ്രീമതി.ജെമിനി .എഫ്.സി | അസി. സെക്രട്ടറി | 64269 | 22100170/2.6.2021 |
| 2 | ശ്രീമതി.ഡെയ്സി ഫ്രാൻസിസ് | ഹെഡ് ക്ലർക്ക് | 57054 | ടി |
| 3 | ശ്രീമതി.ജിഷ യു.എൻ | അക്കൗണ്ടന്റ് | 53058 | ടി |
| 4 | ശ്രീമതി.മഞ്ചു.പി.എസ് | സീനി.ക്ലർക്ക് | 49395 | ടി |
| 5 | ശ്രീമതി.രാജി.ആർ.നായർ | സീനി.ക്ലർക്ക് | 41514 | ടി |
| 6 | ശ്രീമതി.മിഷ.എസ് | സീനി.ക്ലർക്ക് | 39516 | ടി |
| 7 | ശ്രീമതി.മിനിമോൾ.പി.എ | ക്ലർക്ക് | 33633 | ടി |
| 8 | ശ്രീമതി. പ്രിയ.പി | ക്ലർക്ക് | 32765 | ടി |
| 9 | ശ്രീമതി.ശ്രീജ.ആർ | ക്ലർക്ക് | 31909 | ടി |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റി 403113/-രൂപ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. 2021-22 ലെ ആർജിതാവധി പണമാക്കി മാറ്റിയത് സർക്കാർ ഉത്തരവില്ലാതെയാണെന്ന് കാണുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക കൈപ്പറ്റിയതിന് വിശദീകരണം നൽകുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം . 9/16.9.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. പ്രകാരമാണ് ആർജിതാവധി സറണ്ടർ ആനുകൂല്യം നൽകിയതെന്നും ആനുകൂല്യം മരവിപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. GO(P) No. 104/2021/ Fin. Dated 26/07/2021 പ്രകാരം ലീവ് സറണ്ടർ പണമാക്കിയ ജീവനക്കാരെക്കുറിച്ച് പരാമർശം ഇല്ല എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. പ്രകാരം സെക്രട്ടറിമാരുടെ ലീവ് സറണ്ടർ അനുവദിച്ച് പഞ്ചായത്ത് ഡെ.ഡയറക്ടർ ഉത്തരവ് നൽകിയിരിക്കുന്നു എന്നും അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നില്ല . ലീവ് സറണ്ടർ ആനുകൂല്യം അനുവദനീയമാണ് എന്ന് മേൽ സർക്കാർ ഉത്തരവുകളിൽ ഒന്നും തന്നെ പരാമർശിക്കുന്നില്ല. സർക്കാർ ഉത്തരവുകളെ മറികടന്ന് മാറ്റിവെക്കപ്പെട്ട ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചത് ശരിയായ നടപടിയല്ല.ആയതിനാൽ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ആർജിതാവധി സറണ്ടർ ആനുകൂല്യം അനുവദിച്ചു പ്രകാരം ജീവനക്കാർ കൈപ്പറ്റിയ 403113/- രൂപ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ 403113/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 ഇ-ടെണ്ടർ ഫീസ് - ബാങ്ക് അക്കൗണ്ടിൽ നിന്നും മിനിമം ബാലൻസ് ചാർജ്ജ് ഈടാക്കുന്നു

ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ പാമ്പാക്കുട ശാഖയിൽ 07.06.2018 മുതൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (നം. 37741834984). പ്രസ്തുത അക്കൗണ്ടിൽ 29.12.2019 മുതലാണ് ഇ ടെണ്ടർ ഫീ ഇനത്തിൽ വരവുള്ളത്. പ്രസ്തുത അക്കൗണ്ടിലെ 18.7.22 വരെയുള്ള നീക്കിയിരുപ്പ് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

മിനിമം ബാലൻസ് ചാർജ്ജ്, അക്കൗണ്ട് കീപ്പിംഗ് ചാർജ്ജ് എന്ന് രേഖപ്പെടുത്തി ടി അക്കൗണ്ടിൽ നിന്നും നാളിതുവരെ 4313/- രൂപ ബാങ്ക് ഈടാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളിൽ നിന്നും ഇത്തരത്തിലുള്ള തുകകൾ ഈടാക്കാവുന്നതല്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/19.9.22)അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ ബാങ്ക് ചാർജ്ജിനത്തിൽ കുറവ് ചെയ്ത തുക തിരികെ ലഭിക്കുന്നതിനായി ബാങ്കിന് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ടി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-33 പ്രവൃത്തിമൂല്യത്തിലധികം തുക പിൻവലിച്ചു.

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളിൽ യഥാർത്ഥ പ്രവൃത്തിമൂല്യത്തിലധികം തുക ട്രഷറിയിൽ നിന്നും പിൻവലിച്ചതു മൂലം അധിക ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം, കരാറുകാരൻ | ആകെ പ്രവൃത്തി മൂല്യം (12% ജി.എസ്.ടി | ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | അധികം | ബിൽ വിവരം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ഉൾപ്പെടെ) | | | |
| 1 | മേമ്മുറി പാടം തോട് സംരക്ഷണ ഭിത്തി നിർമ്മാണം, ലീഡിംഗ് ചാനൽ നിർമ്മാണം | 243518 | 246882 | 3364 | ടിആർഎൻ - 7402/29.11.21 - 134546/-<br>11916/30.3.22 - 112336/- |
| 2 | അയ്യംന്താനം എസ്.സി കോളനി റിനവേഷൻ (ജോയ്.കെ.ജോൺ) | 310252 | 318008 | 7756 | 310252/- (19-20 ൽ നൽകി)<br>7756/- - 9672/4.2.22 |
| 3 | പിറമാടം കൊച്ചരിക്കൽ ചിറ നവീകരണം (പ്രസാദ് കെ.എ) | 152495 | 155762 | 3267 | 130666/- (20-21 ൽ )<br>25000/- - 11733/26.3.22<br>96/- (തനത് ഫണ്ട് 26.3.22 ൽ) |
| | ആകെ | | | 14387 | |

പ്രവൃത്തികളുടെ പാർട്ട് ബില്ലിൽ നിന്നും റിട്ടെൻഷൻ ഇനത്തിലുള്ള തുകകൾ കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. തുടർന്ന് ഫൈനൽ ബിൽ അനുവദിച്ചപ്പോൾ പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന റിട്ടെൻഷൻ തുകകൾ തിരികെ നൽകേണ്ടതിനു പകരം ടി തുകകൾ വീണ്ടും ട്രഷറിയിൽ നിന്നും പിൻവലിച്ച് നൽകിയത് മൂലമാണ് അധിക ചെലവുണ്ടായിട്ടുള്ളത്. കരാറുകർക്ക് റിടെൻഷൻ തുക തിരികെ നൽകിയിട്ടുള്ള സാഹചര്യത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 14387/- രൂപ തിരികെ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. ഓഡിറ്റ് പരാമർശത്തിന് അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ (എൻക്വയറി നം.33/2.9.22) ടി തുക തിരികെ ഒടുക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. ടി തുകയുടെ ഒടുക്ക് വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 മരാമത്ത് പ്രവൃത്തികൾ - പൊതുന്യൂനതകൾ.

ഗ്രാമപഞ്ചായത്തിലെ അസി . എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥയായി 2021-22വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

(2) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇ.എം.ഡി തുക, രസീത് നമ്പർ, തീയതി രേഖപ്പെടുത്തുന്നില്ല

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(3) എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

(4) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(5) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(6) മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/19.9.22) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-35 സോളാർ പവർ പ്ലാന്റ് - അപാകതകൾ

2019-20 ലെ പദ്ധതി നം. S0008/20 , പഞ്ചായത്ത് ബസ്റ്റാന്റ് ഷോപ്പിംഗ് കെട്ടിടത്തിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം അനെർട്ടുമായി ചേർന്ന് 10 കി.വാട്ട് ശേഷിയുള്ള ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ആൽമിയ എൻജിനീയറിംഗ് കൺസൾട്ടന്റസ് പ്രൈ.ലിമിറ്റഡ് എന്ന സ്ഥാപനം 10.10.2020 ൽ പണി പൂർത്തീകരിച്ചതായി പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും 4.11.2019 ലെ അപേക്ഷ പ്രകാരം കൺസ്യൂമർ നം. 1155994016722 മാത്രമാണ് ഇതുമായി ബന്ധിപ്പിച്ചിട്ടുള്ളത്. പിന്നീട് 26.11.2021 ലെ നം.എ2725/19 കത്ത് പ്രകാരം 31.10.2021 വരെ സോളാർ പവർപ്ലാന്റിൽ നിന്നും കെ.എസ്.ഇ.ബി ക്ക് ലഭിച്ച 10059 യൂണിറ്റിന്റെ ചാർജ് കൺസ്യൂമർ നം. 55999000084-പഞ്ചായത്ത് ഓഫീസ്, കൺ.നം. 55992017590-അഞ്ചൽപ്പെട്ടി ഹൈമാസ്റ്റ്, കൺ.നം 55992017589-പാമ്പാക്കട ഹൈമാസ്റ്റ്, കൺ.നം5598019234-ഓണക്കൂർ ഹൈമാസ്റ്റ്, കൺ.നം.5591018487-പെരിയപ്പുറം ഹൈമാസ്റ്റ്, കൺ.നം.55993019235-ഓണക്കൂർ ബ്രിഡ്ജ് ഹൈമാസ്റ്റ്, കൺ.നം.55995019239-അരീക്കൽ ഹൈമാസ്റ്റ് എന്നിവയുടെ ബില്ലിൽ നിന്നും കുറവു ചെയ്യുന്നതിനായി കത്ത് നൽകിയിട്ടുണ്ട്. തുടർ വിവരങ്ങൾ ലഭ്യമായിട്ടില്ല

വൌച്ചർ പരിശോധിച്ചതിൽ നിന്നും 1.4.21 മുതൽ 31.3.2022 വരെയുള്ള കറണ്ട് ബിൽ പ്രകാരം കൺസ്യൂമർ നം. 55999000084-പഞ്ചായത്ത് ഓഫീസിന്റെ 2021-22 ലെ 12 മാസങ്ങളിലെ കറണ്ട് ബിൽ തുക ചുവടെ പറയും പ്രകാരമാണ്.

| തീയതി | തുക |
|---|---|
| 12.4.21 | 6715 |
| 10.5.21 | 5085 |
| 7.6.21 | 5591 |
| 12.7.21 | 5105 |
| 12.8.21 | 5944 |
| 7.9.21 | 5944 |
| 12.10.21 | 6938 |
| 11.11.21 | 6406 |
| 9.12.21 | 6522 |
| 11.1.22 | 7538 |
| 10.2.22 | 6953 |
| 9.3.22 | 978 |

സോളാർ പവർ പ്ലാന്റുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ എൻക്വയറി (നം.23/19.9.2022) നൽകിയതിന് മറുപടി ലഭ്യമായിട്ടില്ല.

1) സോളാർ പവർ പ്ലാന്റ്10.10.2020 ൽ കമ്മീഷൻ ചെയ്തെങ്കിലും 2022 മാർച്ച് മാസത്തെ കറണ്ട് ബിൽ തുകയിൽ മാത്രമാണ് വ്യക്തമായ കുറവ് വന്നിട്ടുള്ളത്. 11/2020 മുതൽ 2/2022 വരെയുള്ള മാസങ്ങളിലെ കറന്റ് ചാർജ്ജിനത്തിൽ ടി കുറവ് വരാതിരുന്നതിനുള്ള വിശദീകരണം.

2) സോളാർ പവർ പ്ലാന്റുമായി ബന്ധിപ്പിച്ചിട്ടുള്ള കൺസ്യൂമർ നമ്പറുകൾ,സ്ഥാപനം എന്നിവയുടെ വിശദവിവരം.

3) സോളാർ പവർ പ്ലാന്റ് 10.10.2020 ൽ കമ്മീഷൻ ചെയ്തെങ്കിലും 26.11.2021 ൽ മാത്രമാണ് മേൽ പറഞ്ഞ വിവിധ കൺസ്യൂമർ നമ്പറുകൾ ഇതുമായി ബന്ധിപ്പിക്കാൻ കത്ത് നൽകിയിട്ടുള്ളത്. ടി കാലതാമസത്തിന് വിശദീകരണം.

4) സോളാർ പവർ പ്ലാന്റ് കമ്മീഷൻ ചെയ്തതു മുതൽ നാളിതുവരെ ഉൽപ്പാദിപ്പിച്ച എനർജി യൂണിറ്റ്/തുക എന്നിവ കാണിക്കുന്ന സ്റ്റേറ്റ്മെന്റ് , പഞ്ചായത്തിലെ വിവിധ കൺസ്യൂമർ നമ്പറുകൾ സോളാർ ശൃംഖലയുമായി ബന്ധിപ്പിച്ചതിനുശേഷം നാളിതുവരെയുള്ള കാലയളവിൽ അധികം ഉൽപ്പാദിപ്പിച്ച എനർജി യൂണിറ്റിന് ആനുപാതികമായ തുക തിരികെ പഞ്ചായത്തിനു ലഭിക്കുവാനുണ്ടെങ്കിൽ ആയവ ലഭ്യമാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-36 പദ്ധതികളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി വിവിധ ഏജൻസികൾക്ക് ഡെപ്പോസിറ്റ് വർക്കിനായി തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾ കൈപ്പറ്റിയതിന്റെ വിവരങ്ങളും പ്രവർത്തി സംബന്ധിച്ച് സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടതിന്റെയും പ്രവർത്തി പൂർത്തീകരിച്ചതിന്റെയും രേഖകളും ചെലവിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | തുക നൽകിയ സ്ഥാപനം | നിക്ഷേപിച്ച തുക |
|---|---|---|---|
| 112/2022 | വിവിധ വാർഡുകളിൽ | കെ.എസ്.ഇ.ബി. | Rs.4,99,988/-(CFC Grant)P.O No- |

| | | | |
|---|---|---|---|
| | സ്ട്രീറ്റ് ലൈൻ നീട്ടൽ | പിറവം | 62140064900493 Dtd 16.02.2022 |
| 103/22 | വിവിധ വാർഡുകളിൽ-പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി PH ഡിവിഷൻ, മൂവാറ്റുപുഴ | ആകെ 3,10,000 (Rs.151901/-P.O No-62140064900667 Dtd 31.03.2022 (E-Gramaswaraj Portal Bill) Rs.1,58,099(തനത് ഫണ്ട്) (ചെക്ക്നം-452451 തീയതി 31/03/2022 |
| | ആകെ | | 8,09,988 |

പൈപ്പ് ലൈൻ നീട്ടൽ (103/22) പദ്ധതിക്കായി ഈ വർഷം നൽകിയ 3,10,000/- രൂപ (1,51,901/- രൂപ (പ്ലാൻ), 1,58,099/- രൂപയും (തനത് ഫണ്ട്) കൂടാതെ മുൻവർഷം നൽകിയ 7,40,000/- രൂപയുമുൾപ്പടെ ആകെ 10,50,000/- രൂപയാണ് വാട്ടർ അതോറിറ്റി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുള്ളത്.ഫയൽ പ്രകാരം ഈ പദ്ധതിക്കായി ആകെ നൽകിയ 10,50,000/- രൂപയുടെ വിനിയോഗവിവരങ്ങളും ലഭിക്കാനുണ്ട്. ഈ കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയത് പ്രകാരം (നമ്പർ 7 Dtd 16/09/2022) പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ആകെ നൽകിയ 15,49,988/- രൂപയുടെയും (1050000+499988) വിനിയോഗവിവരങ്ങൾ ഹാജരാക്കേണ്ടതാണ്.മേൽ പദ്ധതികൾക്കായി ഈ വർഷം ചെലവഴിച്ച 8,09,988/- രൂപയുടെ (310000+499988) ചെലവ് തടസ്സപ്പെടുത്തുന്നു.

1-37 വീട് വാസയോഗ്യമാക്കൽ-മൂല്യനിർണ്ണയപ്രകാരമുള്ളതിലും അധിക സഹായം നൽകി

വി.ഇ.ഒ. നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ (പട്ടികവർഗ്ഗം) എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ ശ്രീമതി സതി പ്രസാദ്, ഇരപ്പക്കുഴിയിൽ വീട്, പാമ്പാക്കുട എന്ന ഗുണഭോക്താവിന് അറ്റകുറ്റപ്പണികൾക്കായി നാല് തവണകളായി 1,50,000/- രൂപ ധനസഹായം നൽകിയിരുന്നു.വീടിന്റെ ഭൗതികപരിശോധന നടത്തി നൽകിയ വാല്യവേഷൻ റിപ്പോർട്ട് പ്രകാരം നൽകിയ ധനസഹായം ഉപയോഗിച്ച് 1,29,730/- രൂപയുടെ അറ്റകുറ്റപ്പണികൾ മാത്രമാണ് ഗുണഭോക്താവ് നടത്തിയിട്ടുള്ളത്. ഇത് പ്രകാരം 20,270/- രൂപ അധിക പദ്ധതി ധനസഹായം നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ഭാഗം 3-5 ആയി ചേർത്തിട്ടുണ്ട്.

1-38 എസ്.സി. പഠനമുറി - അഡ്വാൻസ് കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കിയില്ല.

പ്രോജക്ട് നം. : 63/2022

അടങ്കൽ : 3,50,000/-( പ്ലാൻ ഫണ്ട് - SCP )

ചെലവ് : 3,50,000/-

വി.ഇ.ഒ. നടപ്പിലാക്കിയ എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ നാല് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ ധനസഹായം ലഭിച്ചവരിൽ ഒരാൾ മാത്രമാണ് പദ്ധതി പൂർത്തികരിച്ചതായി വാലുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി 1,50,000/- രൂപ കൈപ്പറ്റിയിട്ടുള്ളത്. ബാക്കി മൂന്ന് ഗുണഭോക്താക്കളും പദ്ധതി ധനസഹായത്തിൽ നിന്നും അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം നടത്തിയതിന്റെ വാലുവേഷൻ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിട്ടും ഇതുവരെ പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-19 തിയതി-19/09/2022) നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. പഠനമുറിനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

01. വിനോദ് എം .കെ, മലയിൽപ്പറമ്പിൽ, പാമ്പാക്കുട Rs. 1,00,000/-

(TRN-2112030000008270 Dtd 29.12.2021 &-2112030000011127 Dtd 15.03.2022)

02. അല്ലി രാജു,മാളികക്കുടി, പാമ്പാക്കുട (Rs.50,000/-)

(TRN-2112030000011314 Dtd 18.03.2022)

03. സന്ദീപ് കെ.കെ കഴഞ്ചിത്തടത്തിൽ, പാമ്പാക്കുട പി.ഒ. (Rs.50,000/-)

(TRN-2112030000011314 Dtd 18.03.2022)

നിർമ്മാണം സംബന്ധിച്ച രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ പദ്ധതി പ്രകാരം ചെലവഴിച്ച 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.ഗുണഭോക്താക്കൾ പദ്ധതി ധനസഹായം ഉപയോഗിച്ച് പ്രവർത്തി നടത്തിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

1-39 വീട് വാസയോഗ്യമാക്കൽ - അഡ്വാൻസ് കൈപ്പറ്റിയിട്ടും അറ്റകുറ്റപ്പണികൾ

പൂർത്തിയാക്കിയില്ല.

പ്രോജക്റ്റ് നം. : 77/2022

അടങ്കൽ : 12,00,000/-( പ്ലാൻ ഫണ്ട് - General )

ചെലവ് : 11,07,880/-

വി.ഇ.ഒ നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ (പൊതുവിഭാഗം) എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ പൊതുവിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണികൾക്കായി രണ്ട് തവണകളായി പരമാവധി 25,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ ശ്രീ.വാസു കുഞ്ഞൂട്ടി, കൊപ്പറത്ത് ഹൌസ്, പാമ്പാക്കുട, ശ്രീ.മനു.കെ ആബേൽ, പെരിയപ്പുറം, കക്കയം എന്നീ ഗുണഭോക്താക്കൾ പദ്ധതി ധനസഹായത്തിൽ നിന്നും 10,000/- രൂപ വീതം അഡ്വാൻസ് തുക യഥാക്രമം ട്രഷറി ബിൽ നം. 21120300000009236 Dtd 28.01.2022, 21120300000009843 Dtd 09.02.2022 പ്രകാരം കൈപ്പറ്റിയെങ്കിലും നിലവിലും അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ വാലുവേഷൻ ഹാജരാക്കിയിട്ടില്ല. ഇതേ പദ്ധതി പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് പദ്ധതി ധനസഹായം മുഴുവൻ അനുവദിച്ചുവെങ്കിലും അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ വാലുവേഷൻ ഹാജരാക്കിയിട്ടില്ല.

01.എൽദോസ് എബ്രഹാം, കയ്യാനിക്കൽ,അഞ്ചൽപ്പെട്ടി (Rs.25,000/-)

02.പാറുക്കുട്ടി,ആൽപ്പാറ,സൗത്ത് പിറമാടം (Rs.19100/-)

03.അന്നക്കുട്ടി തൊമ്മൻ,അക്കാപ്പാറയിൽ,പെരിയപ്പുറം പി.ഒ.(Rs.25,000/-)

രേഖകൾ ഹാജരാക്കാതെ ധനസഹായം വിതരണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.29 തീയതി 19/09/2022) നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ഇതുവരെ രേഖകൾ ഹാജരാക്കാതെയുള്ള, ഗുണഭോക്താക്കൾക്ക് നൽകിയ 89,100/- (20000+ 69100) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്. ഈ പദ്ധതിയിലെ രണ്ട് ഗുണഭോക്താക്കൾക്ക് തുക പൂർണ്ണമായി നൽകിയെങ്കിലും വാലുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം കുറഞ്ഞ തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ഭാഗം 3-4 ആയി ചേർത്തിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ - ക്രമവിരുദ്ധമായി തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S0087/2022, |
| പ്രോജക്റ്റിന്റെ പേര് | വിശപ്പ് രഹിത കേരള-ജനകീയ ഹോട്ടൽ |
| അടങ്കൽ | 60000/-<br>(വികസന ഫണ്ട്- 30000/-,<br>(ജില്ലാ പഞ്ചായത്ത് – 20000/-,<br>ബ്ലോക്ക് പഞ്ചായത്ത് – 10000/-) |
| ചെലവ് | 30000/- |
| ബിൽ നം.തീയതി | 403/30.03.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പന്ത്രണ്ടിന പരിപാടികളുടെ ഭാഗമായി വിശപ്പ് രഹിത കേരളം-ജനകീയ ഹോട്ടൽ പദ്ധതിയിൽ യുഐഡി നമ്പർ PKD/ME/99/2022 രജിസ്റ്റർ ചെയ്തിട്ടുള്ള പാമ്പാക്കുട സിഡിഎസ് ജനകീയ ഹോട്ടലിന് വേണ്ടി എംഎസ് ട്രേഡേഴ്സ് കാഞ്ഞിരമറ്റം എന്ന സ്ഥാപനത്തിൽ നിന്നും 30000/- രൂപയുടെ (ഇൻവോയ്സ് നം. 237/27.03.2022) പാചക ഉപകരണങ്ങൾ (പൊറോത്ത സ്റ്റൌ -1, 3 ബർണർ സ്റ്റൌ -1, 2 ബർണർ സ്റ്റൌ -1 ) വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1) ജനകീയ ഹോട്ടലിന് വേണ്ടി പാചക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും പാമ്പാക്കുട സിഡിഎസ് ജനകീയ ഹോട്ടൽ രജിസ്ട്രേഷൻ നടത്തിയതല്ലാതെ നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. ആയതിനാൽ, വാങ്ങിയ പാചക ഉപകരണങ്ങൾ വിതരണം ചെയ്യപ്പെടാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്.

2) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 06.03.2020ലെ സ. ഉ. (കൈ) നം. 45/2020 നമ്പർ ഉത്തരവ് പ്രകാരം കെട്ടിടത്തിൽ വെള്ളം, വെളിച്ചം, ശുചിത്വസൗകര്യങ്ങൾ, ഫർണ്ണിച്ചർ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ എന്നിവ മാത്രമാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഒരുക്കേണ്ടത്. പാചക പാത്രങ്ങൾ, ഭക്ഷണ വിതരണ പാത്രങ്ങൾ, ഗ്ലാസുകൾ, ഉപകരണങ്ങൾ എന്നിവ കുടുംബശ്രീ ലഭ്യമാക്കേണ്ടതാണ്. എന്നാൽ, മേൽ പ്രോജക്ടിൽ സർക്കാർ നിർദേശത്തിന് വിരുദ്ധമായി പാചക ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പ്ലാൻഫണ്ടിൽ നിന്നും വാങ്ങി നൽകുകയാണ് ചെയ്തത്.

നാളിതുവരെ പ്രവർത്തനക്ഷമമാകാത്ത ജനകീയ ഹോട്ടലിന് വേണ്ടി പാചക ഉപകരണങ്ങൾ വാങ്ങുന്നതിന് ക്രമവിരുദ്ധമായി ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് ചെലവാക്കിയതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 11/16.09.2022) ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ എതിർവശത്ത് ഒഴിവായി കിടക്കുന്ന കെട്ടിടത്തിൽ ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിന് വേണ്ടിയാണ് കുടുംബശ്രീ പാമ്പാക്കുട സിഡിഎസ് അപേക്ഷ സമർപ്പിച്ചിരുന്നത് എന്നും, ജില്ലാ പഞ്ചായത്തിൽ നിന്നും, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിഹിതം ലഭിക്കും എന്ന ധാരണയിലാണ് പ്രോജക്ട് ആരംഭിച്ചതെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളിൽ നിന്നും ഫണ്ടിന്റെ അപര്യാപ്തത മൂലം വിഹിതം ലഭിച്ചില്ല. ആയതിനാലാണ് പദ്ധതി ജനകീയ ഹോട്ടൽ പ്രവർത്തനം ആരംഭിക്കാതെ പോയതെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ജനകീയ ഹോട്ടലിന് അടിസ്ഥാന സൌകര്യം എന്ന നിലയിലാണ് ഗ്യാസ് സ്റ്റൌ വാങ്ങി നൽകിയത് എന്നും അറിയിച്ചിട്ടുണ്ട്. ജനകീയ ഹോട്ടലിന് ആവശ്യമായ പാചകപാത്രങ്ങൾ, ഭക്ഷണവിതരണ പാത്രങ്ങൾ, ഗ്ലാസുകൾ, ഉപകരണങ്ങൾ എന്നിവ കുടുംബശ്രീ ലഭ്യമാക്കണമെന്ന് സർക്കാർ ഉത്തരവിൽ നിർദേശിച്ചിട്ടുള്ളതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ, സർക്കാർ നിർദേശത്തിന് വിരുദ്ധമായി ചെലവാക്കിയ 30,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി - അമൃതം ന്യൂട്രിമിക്സിന് അധിക തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി |
| പ്രോജക്ട് നമ്പർ | S0023/2022 |
| അടങ്കൽ | 19,00,000/-<br>(വികസനഫണ്ട് പൊതുവിഭാഗം – 4,00,000/-,<br>കേന്ദ്രാവിഷ്കൃത ഫണ്ട് – 15,00,000/- |
| ചെലവ് | 1653009/- |
| ബിൽ നം./തിയതി | 01/10.04.2021 – 282920/-<br>06/29.05.2021 – 273387/-<br>08/24.06.2021 – 189660/-<br>11/01.07.2021 – 376810/-<br>57/03.08.2021 – 262470/-<br>69/16.09.2021 – 191563/-<br>115/06.12.2021 – 4154/-<br>227/01.03.2022 -59228/-<br>366/24.03.2022 – 12817/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

2021-22 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കും, ഗർഭിണികൾക്കും അങ്കണവാടികൾ വഴി 341249/- രൂപയുടെ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുകയും, 1294789/- രൂപയുടെ ആഹാരസാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ അങ്കണവാടികളിലെ പാചകവാതകത്തിന്റെ ചെലവായി 12817/- രൂപയും, ആഹാരസാധനങ്ങളുടെ വാഹനച്ചെലവായി 4154/- രൂപയും നൽകിയിട്ടുണ്ട്. രാമമംഗലം അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയത്. പാമ്പാക്കുട ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ കി. ഗ്രാമിന് 73.50/- രൂപ നിരക്കിൽ താഴെ കൊടുക്കും പ്രകാരം അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഇൻവോയ്സ് നം, തീയതി | ന്യൂട്രിമിക്സിന്റെ അളവ് (കി | ന്യൂട്രിമിക്സിന്റെ വില (73.50 | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് കി. ഗ്രാമിന് 1 | ആകെ |
|---|---|---|---|---|---|

| | | ഗ്രാം) | രൂപ/കി ഗ്രാം) | രൂപ നിക്കിൽ | |
|---|---|---|---|---|---|
| 1 | 04/12.04.2021 | 804 | 59094 | 804 | 59898 |
| 2 | 16/27.05.2021 | 747 | 54904 | 747 | 55651 |
| 3 | 35/28.06.2021 | 732 | 53802 | 732 | 54534 |
| 4 | 48/02.08.2021 | 741 | 54464 | 741 | 55205 |
| 5 | 74/15.09.2021 | 726 | 53361 | 726 | 56733 |
| 6 | 134/28.02.2022 | 795 | 58433 | 795 | 59228 |
| | ആകെ | 4545 | 334058 | 4545 | 341249 |

ഇൻവോയ്സ് നം. 74/15.09.2021 പ്രകാരം 726 കി. ഗ്രാം അമൃതം ന്യൂട്രിമിക്സിന് 73.50 രൂപ നിരക്കിലും, വാഹനച്ചെലവ് കി. ഗ്രാമിന് 1 രൂപ നിരക്കിലും ഈടാക്കേണ്ടിയിരുന്നത് (53361+726) 54087/- രൂപയാണ്. എന്നാൽ, ഇൻവോയ്സ് പ്രകാരം 56,733/- രൂപ ഈടാക്കിയിട്ടുണ്ട്. ഇപ്രകാരം (56733-54087) 2,646/- രൂപ അധികം നൽകിയിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 39/20.09.2022) തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രാമമംഗലം അമൃതം ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും അധികം നൽകിയ 2,646/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കരാറുകാരന് അധിക തുക നൽകി

ദേശീയഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് (റോഡ് കോൺക്രീറ്റിംഗ്) ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കരാർ പ്രകാരം സാധനങ്ങൾ സപ്ളൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ സാധന വിലയോടൊപ്പം എസ്റ്റിമേറ്റിൽ അനാമത്ത് ചെലവുകൾക്കായി വകയിരുത്തിയ തുകയും അനുവദിച്ചത് അധികം നൽകാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | കരാറുകാരൻ / കൈപ്പറ്റിയ തുക | നൽകിയ അനാമത്ത് തുക | എം.ബുക്ക് നം. | ബിൽ വിവരം |
|---|---|---|---|---|---|
| 1 | കുംഭപ്പിള്ളി കണ്ണങ്കരത്താഴം റോഡ് കോൺക്രീറ്റിംഗ് (ആർ.സി /298390) | കെ.എ.സാബു 261888/- | 2824/- | 353/20-21 | 107 & 108 / 26.9.2021 |
| 2 | പനച്ചിക്കോട് റോഡ് കോൺക്രീറ്റിംഗ് (ആർ.സി /325744) | സാജു.സി.എസ് 285981/- | 3969/- | 42/21-22 | 101 & 102 / 29.9.21 |
| | | | 6793 | | |

പ്രസ്തുത അപാകതയ്ക്ക് (എൻക്വയറി നം.15/17.9.22) ലഭ്യമാക്കിയ മറുപടിയിൽ മെറ്റീരിയൽസ് സ്റ്റോക്ക് ചെയ്യുന്നതിനുള്ള തുകയാണ് നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാർക്ക് ടെണ്ടർ പ്രകാരം ക്വാട്ട് ചെയ്ത നിരക്കാണ് നൽകാവുന്നത്. അധികമായി നൽകിയ തുക 6,793/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-4 വീട് വാസയോഗ്യമാക്കൽ-അഡ്വാൻസ് കൈപ്പറ്റിയിട്ടും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയില്ല.

പ്രോജക്ട് നം. : 77/2022

അടങ്കൽ : 12,00,000/-( പ്ലാൻ ഫണ്ട് - General )

ചെലവ് : 1107880/-

വി.ഇ.ഒ. പാമ്പാക്കുട നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ (പൊതുവിഭാഗം) എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ പൊതുവിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണികൾക്കായി രണ്ട് തവണകളായി പരമാവധി 25,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പദ്ധതി പ്രകാരം ശ്രീമതി.ജയശ്രീ ദിലീപ് , ഇലവുപാറയിൽ, മേമ്മുറി പി.ഒ ,

ശ്രീമതി.മറിയം മത്തായി,ചേന്നംകാലായിൽ,ഓണക്കൂർ പി.ഒ എന്നീ ഗുണഭോക്താക്കൾക്ക് പദ്ധതി ധനസഹായം മുഴുവൻ അനുവദിച്ചുവെങ്കിലും അറ്റകുറ്റപ്പണികൾ നടത്തിയതിന്റ വാല്യുവേഷൻ ഹാജരാക്കിയിരുന്നില്ല. രേഖകൾ ഹാജരാക്കാതെ ധനസഹായം പൂർണ്ണമായി വിതരണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-29 തിയതി 19/09/2022) നൽകിയത് പ്രകാരം ശ്രീമതി. മറിയം മത്തായി, ചേന്നംകാലായിൽ,ഓണക്കൂർ പി.ഒ,

ശ്രീമതി.ജയശ്രീ ദിലീപ് ,ഇലവുപാറയിൽ, മേമ്മുറി പി.ഒ എന്നീ ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം വീടിന്റെ ഭൗതികപരിശോധന നടത്തി നൽകിയ വാല്യുവേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ട് പ്രകാരം ശ്രീമതി.മറിയം മത്തായി,ചേന്നംകാലായിൽ, ഓണക്കൂർ പി.ഒ എന്ന ഗുണഭോക്താവ് ആകെ 19,878/- രൂപയുടെയും ശ്രീമതി.ജയശ്രീ ദിലീപ് ,ഇലവുപാറയിൽ,മേമ്മുറി പി.ഒ ആകെ 22,384/- രൂപയുടെയും അറ്റകുറ്റപ്പണികൾ മാത്രമാണ് നടത്തിയിട്ടുള്ളത്. ഇത് പ്രകാരം യഥാക്രമം 5,122/- രൂപയും 2,616/- രൂപയും അധിക ധനസഹായം നൽകിയിട്ടുണ്ട്. ഈ ഗുണഭോക്താക്കൾക്ക് അധികം നൽകിയ 7,738/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഈ തുക തിരികെ ഈടാക്കേണ്ടതാണ്.

### 3-5 വീട് വാസയോഗ്യമാക്കൽ-മൂല്യനിർണ്ണയപ്രകാരമുള്ളതിലും അധിക സഹായം നൽകി

പ്രോജക്ട് നം. : 64/2022

അടങ്കൽ : 1,50,000/-( പ്ലാൻ ഫണ്ട് - General & ബ്ലോക്ക് വിഹിതം )

ചെലവ് : 1,50,000/- (Plan -94000, BP Share 56000)
(ട്രഷറി ബിൽ നം. 2112030000009963 Dtd 11.01.2022 Rs.56000, 2112030000009016 Dtd 17.01.2022 Rs.56000/- 2112030000008886 Dtd 12.01.2022 Rs.19000, 2112030000011930 Dtd 30.03.2022 Rs.19000)

വി.ഇ.ഒ. പാമ്പാക്കുട നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ (പട്ടികവർഗ്ഗം) എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ ശ്രീമതി.സതി പ്രസാദ്, ഇരപ്പക്കുഴിയിൽ വീട്,പാമ്പാക്കുട എന്ന ഗുണഭോക്താവിന് അറ്റകുറ്റപ്പണികൾക്കായി നാല് തവണകളായി 1,50,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം വീടിന്റെ ഭൗതികപരിശോധന നടത്തി നൽകിയ വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം നൽകിയ ധനസഹായം ഉപയോഗിച്ച് 1,29,730/- രൂപയുടെ അറ്റകുറ്റപ്പണികൾ മാത്രമാണ് ഗുണഭോക്താവ് നടത്തിയിട്ടുള്ളത്. ഇത് പ്രകാരം 20,270/- രൂപ അധിക പദ്ധതി ധനസഹായം നൽകിയിട്ടുണ്ട്. ഈ തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-29 Dtd 19/09/2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താവിന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. അധികം നൽകിയ 20,270/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-22 | ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 93600 | ക്ഷീര കർഷകർക്ക് പാൽ വില സബ്സിഡി | 93600 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 80000 | ലൈഫ് മിഷൻ പദ്ധതി പുതിയ വീട് നിർമ്മാണം (എസ്.സി) | 80000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 240000 | ലൈഫ് മിഷൻ പദ്ധതി പുതിയ വീട് നിർമ്മാണം | 240000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 299790 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 299790 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 280809 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 280809 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 500000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 500000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 50000 | ലൈഫ് മിഷൻ പദ്ധതി പുതിയ വീട് നിർമ്മാണം | 50000 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | | 1544199 | | 1544199 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 275934 | ക്ഷീര കർഷകർക്ക് പാൽ വില സബ്സിഡി | 275934 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 56000 | വീട് വാസയോഗ്യമാക്കൽ (എസ്.റ്റി) | 56000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 750000 | ലൈഫ് മിഷൻ പദ്ധതി പുതിയ വീട് നിർമ്മാണം | 750000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 300000 | ലൈഫ് മിഷൻ പദ്ധതി പുതിയ വീട് നിർമ്മാണം | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 297472 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 297472 | 0 |
| ആകെ | | 1679406 | | 1679406 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ANERT | സോളാർ പവർപ്ലാൻറ് സ്ഥാപിക്കൽ(114/22) | 232/13.02.22 | 4,99,999 | 0 | 4,99,999 |
| KSEB | വിവധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ(112/22) | 62140064900493 /16.02.22 | 4,99,988 | 0 | 4,99,988 |
| KSEB | വിവധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ(185/22) | 21120300000010147/ 17.02.22 | 23,074 | 0 | 23,074 |
| KWA | വിവധ വാർഡുകളിൽ പൈപ്പ ലൈൻ നീട്ടൽ(103/22) | 62140064900667/ 31.3.22 | 1,51,901 | 0 | 1,51,901 |
| ആകെ | | | 11,74,962 | 0 | 11,74,962 |

അനർട്ട്/വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരങ്ങൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിലും, ബാലൻസ് ഷീറ്റിലും ഉൾപ്പെടുത്തിയിട്ടില്ല. ഇത് അക്കൗണ്ട്സ് അപാകതയായി ചേർത്തിട്ടുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ- ഹഡ്കോ | സ.ഉ.(സാധാ) നം. 276/16/ ത.സ്വ.ഭ.വ. തീയതി 27.01.2016 | 16,00,000/- | 10,13,334/- | 9,97,334/- | 0 | 16,000/- |

സെക്രട്ടറിയുടെ പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് തൻവർഷം തുക തിരിച്ചടച്ചത്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 5,50,96,666 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,16,13,851 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 67,447 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,62,201 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 30,000 | ശ്രീമതി ജെമിനി. ഇ.സി, അസിസ്റ്റന്റ് സെക്രട്ടറി, |
| 3-2 | | 2,646 | ശ്രീമതി നിഷ.എം.കെ, ഐ.സി.ഡി.എസ്. സൂപ്പർ വൈസർ |
| 3-3 | | 6,793 | ശ്രീമതി ഉദയ.കെ, സെക്രട്ടറി |
| 3-4 | | 7,738 | ശ്രീ മോഹൻദാസ് കെ സി, വി. ഇ. ഒ. പാമ്പാക്കുട |
| 3-5 | | 20,270 | ശ്രീ മോഹൻദാസ് കെ സി, വി. ഇ. ഒ. പാമ്പാക്കുട |
| ആകെ | | 67,447 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 4,50,000 | ശ്രീമതി മാഗി.എൽ,എച്ച്.എം |
| 1-25 | 10,000 | ഡോ.ആഷാ മോൾ,മെഡിക്കൽ ഓഫീസർ |
| 1-31 | 4,03,113 | ശ്രീ അന്ത്രു എം.എം., സെക്രട്ടറി (റിട്ടയേർഡ്) |
| 1-36 | 8,09,988 | ശ്രീമതി ഉദയ കെ., സെക്രട്ടറി |
| 1-38 | 2,00,000 | ശ്രീ മോഹൻദാസ് കെ സി, വി ഇ ഒ |
| 1-39 | 89,100 | ശ്രീ മോഹൻദാസ് കെ സി, വി ഇ ഒ പാമ്പാക്കുട |
| ആകെ | 19,62,201 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | കുറിപ്പ് |
|---|---|---|---|
| 1-22 | 5,439 | ഡോ. ഷാജി, മെഡിക്കൽ ഓഫീസർ (ആയുർവേദം) | ജി.എസ്.ടി. വകുപ്പിലേക്ക് അടയ്ക്കേണ്ട തുക |

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.
ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|
| ഡോ.ആഷാ മോൾ , മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി പാമ്പാക്കുട | ആലുങ്കൽ ഹൗസ് പെരുമ്പടപ്പ്,പള്ളുരുത്തി എറണാകുളം |
| ശ്രീമതി ജെമിനി ഇ.സി., അസിസ്റ്റന്റ് സെക്രട്ടറി, | അസിസ്റ്റന്റ് സെക്രട്ടറി, പാമ്പാക്കുട ഗ്രാമ പഞ്ചായത്ത് | പുറപ്പിലകത്ത് ഹൗസ് മാറിക. പി.ഒ കൂത്താട്ടുകുളം വഴി എറണാകുളം 686662 |
| ശ്രീമതി നിഷ എം.കെ., ഐ.സി.ഡി.എസ്. സൂപ്പർ വൈസർ,പാമ്പാക്കുട ഗ്രാമ പഞ്ചായത്ത് | ഐ.സി.ഡി.എസ് സൂപ്പർ വൈസർ,പാമ്പാക്കുട ഗ്രാമ പഞ്ചായത്ത് | തൊട്ടുവേൽ ഹൌസ് മെത്തിപ്പാറ രാമമംഗലം പി.ഒ എറണാകുളം |
| ശ്രീമതി ഉദയ കെ. സെക്രട്ടറി , പാമ്പാക്കുട ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി ,പാമ്പാക്കുട ഗ്രാമപഞ്ചായത്ത് | അളകാപുരി നോർത്ത് മാറാടി മൂവാറ്റുപുഴ,എറണാകുളം 686673 |
| ശ്രീ. മോഹൻദാസ് കെ.സി. വി.ഇ.ഒ | വി.ഇ.ഒ ,അഞ്ചൽപ്പെട്ടി സർക്കിൾ പാമ്പാക്കുട ഗ്രാമപഞ്ചായത്ത് ഗ്രാമപഞ്ചായത്ത് | കൊച്ചുപറക്കൽ ഹൗസ് ഇലഞ്ഞി പി.ഒ മുളക്കുളം നോർത്ത് |
| ശ്രീമതി മാഗി.എൽ എച്ച്.എം | എച്ച്.എം ജി.യു.പി.എസ് ഓണക്കൂർ | പുത്തൻകുടിയിൽ ഹൗസ് മുളക്കുളം നോർത്ത് പി.ഒ പിറവം ,686664 |
| ശ്രീ അന്ത്രു എം.എം., സെക്രട്ടറി | റിട്ടയേർഡ് | മണലോടി പുത്തൻ പുര (H) പുളുപ്പാടി (പി.ഒ.) എറണാകുളം |
| ഡോ. ഷാജി, മെഡിക്കൽ ഓഫീസർ (ആയുർവേദം) | മെഡിക്കൽ ഓഫീസർ (ആയുർവേദം) പാമ്പാക്കുട ഗ്രാമപഞ്ചായത്ത് | പുള്ളോർ മഠം (H) മുളക്കുളം നോർത്ത് (പി.ഒ.) പിറവം – 686664 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 & 96-97 | എൽ.എഫ്.ഇ.(പി.1) 183/98/ 08.10.1998 |
| 1997-98 (ചെലവ്) | എൽ.എഫ്.ഇ.(പി.2) 1158/01/ 12.1.2002 / 13.3.2002 |
| 1998-99 | എൽ.എഫ്.ഇ.(പി.2) 712/03/ 25.08.1998 |
| 1999-00 | എൽ.എഫ്.ഇ.(പി.2) 844/04/ 03.04.2004 |
| 2003-04 | എൽ.എഫ്.ഇ.(പി.1) 1465/07/ |
| 2004-05 | എൽ.എഫ്.ഇ.(പി.1) 50/09/ |
| 2005-06 | എൽ.എഫ്.ഇ.(പി.9) 472/11/20.9.11 |
| 2006-07 | എൽ.എഫ്.ഇ.(പി.9) 473/11/20.9.11 |
| 2009-10 | എൽ.എഫ്.ഇ.(പി.9) 66/11/24.1.11 |
| 2007-08, 08-09, 2010-11 | എൽ.എഫ്.ഇ.(പി.9) 1473/12/14.9.12 |

| | |
|---|---|
| 2011-12 & 2012-13 | എൽ.എഫ്.ഇ.(പി.9) 14/2014/ 7.2.2014 |
| 2013-14& 2014-15 | കെ.എസ്.എ.(പി.9)29/2016 |
| 2015-16 | കെ.എസ്.എ.(പി.9) 2120/2016/15.12.2016 |
| 2016-17 | കെ.എസ്.എ.(പി.9) 1666/2017/22.11.2017 |
| 2017-18 | കെ.എസ്.എ.(പി.9) 2058/2018/3.12.2018 |
| 2018-19 | കെ.എസ്.എ. ഇ.കെ.എം(പി.9)009/2019/1/1/2020 |
| 2019-20 | കെ.എസ്.എ. ഇ.കെ.എം(പി.9) 1808/2021 |
| 2020-21 | കെ.എസ്.എ. ഇ.കെ.എം(പി.9) 1809/2021/06.06.2022 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്